©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

# ആഭ്യന്തര കാര്യങ്ങൾ

# (HOME AFFAIRS)

## ആനുകാലിക റിപ്പോർട്ട്

(2022 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2022)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2022 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്
(Presented on 19th July, 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**
(2022 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2022)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

974/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 101 |

# സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)
## (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, *സെക്രട്ടറി-ഇൻ-ചാർജ്ജ്;*

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി,

ശ്രീമതി എൻ. ജി. ദീപ, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

2021 മേയ് 3-ാം തീയതിയിലെ 1535-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം പതിനാലാം കേരള നിയമസഭ പിരിച്ചുവിട്ടു. 2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനഞ്ചാം കേരള നിയമസഭയുടെ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (2021-23)-ൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചെയർമാനും ബഹു. പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ വി. ജോയി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. ടി. ഐ. മധുസൂദനൻ, ശ്രീ. മാത്യു ടി. തോമസ്, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. തോമസ് കെ. തോമസ് എന്നിവർ അംഗങ്ങളും, ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ, ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് എന്നിവർ പ്രത്യേക ക്ഷണിതാക്കളുമാണ്.

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 21-6-2021, 28-6-2021 എന്നീ തീയതികളിലെ യോഗങ്ങൾ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന, നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന എന്നിവയ്ക്കുവേണ്ടിയും 5-7-2021-ലെ യോഗം വിവിധ റിപ്പോർട്ടുകളുടെ കരട് പരിഗണനയ്ക്കുവേണ്ടിയും 5-8-2021, 29-9-2021 എന്നീ തീയതികളിലെ യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കുവേണ്ടിയും 7-9-2021-ലെ യോഗം കരട് ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ, നടപടി സ്റ്റേറ്റ്മെന്റുകൾ, തെളിവെടുപ്പ് എന്നിവയ്ക്കു വേണ്ടിയും ചേർന്നതാണ്. യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ 71.21 ശതമാനമായിരുന്നു.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങളും, മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235A

പ്രകാരമുള്ള യോഗങ്ങളുടെ വിവരങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ മറുപടി ലഭ്യമായതും ലഭ്യമാക്കാനുള്ളതുമായ ശിപാർശകളുടെയും വകുപ്പുകളുടെയും വിവരങ്ങളും വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതി ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടിപത്രികകളുടെയും കാലതാമസപത്രികകളുടെയും വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2022 ജൂലൈ മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പിണറായി വിജയൻ,<br>*ചെയർമാൻ,*<br>*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,<br>2022 ജൂലൈ 18.

# റിപ്പോർട്ട്

## അദ്ധ്യായം 1

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 21-6-2021, 28-6-2021 എന്നീ തീയതികളിലായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ സൂക്ഷ്മ പരിശോധന നടത്തിയതിൻപ്രകാരം തയ്യാറാക്കിയ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് 5-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും റിപ്പോർട്ട് 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ II | — സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ |
| ധനാഭ്യർത്ഥന നമ്പർ III | — നീതിന്യായ നിർവ്വഹണം |
| ധനാഭ്യർത്ഥന നമ്പർ IV | — തെരഞ്ഞെടുപ്പുകൾ |
| ധനാഭ്യർത്ഥന നമ്പർ XII | — പോലീസ് |
| ധനാഭ്യർത്ഥന നമ്പർ XIII | — ജയിലുകൾ |
| ധനാഭ്യർത്ഥന നമ്പർ XIV | — സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ XV | — പൊതുമരാമത്ത് |
| ധനാഭ്യർത്ഥന നമ്പർ XVI | — പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVII | — വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം |
| ധനാഭ്യർത്ഥന നമ്പർ XXIII | — വാർത്താവിതരണവും പ്രചരണവും |
| ധനാഭ്യർത്ഥന നമ്പർ XXIV | — തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും |
| ധനാഭ്യർത്ഥന നമ്പർ XXVIII | — പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XXXVII | — വ്യവസായങ്ങൾ |
| ധനാഭ്യർത്ഥന നമ്പർ XLI | — ഗതാഗതം |

1-4-2020 മുതൽ 31-3-2021 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതിയുടെ 5-7-2021-ലെ യോഗം അംഗീകരിക്കുകയും റിപ്പോർട്ട് 2021 ജൂലൈ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 5-7-2021-ലെ യോഗം അംഗീകരിക്കുകയും റിപ്പോർട്ട് 2021 ജൂലൈ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 5-10-2021-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ 29-9-2021-ലെ യോഗത്തിൽ സമിതി പരിശോധിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 5-10-2021-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

(എ) കരട് ചട്ടങ്ങൾ

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

### 7-9-2021-ലെ യോഗം

1. The Kerala State and Subordinate Service (.......... Amendment) Rules, 2021
   (ഫയൽ നമ്പർ 10392/സബ്.സി.ഡി2/2021/നി.സെ.)

2. The Kerala Government Servants' Application for Posts (Private Employment and Government Service)(Amendment) Rules, 2021
   (ഫയൽ നമ്പർ 13213/സബ്.സി.ഡി2/2021/നി.സെ.)

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

1 The Kerala Service (.......... Amendment) Rules, 2020 (കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 64 ന്റെ ഭേദഗതി)
(ഫയൽ നമ്പർ 7232/സബ്.സി.ഡി2/2021/നി.സെ.)

2 The Kerala Service (.......... Amendment) Rules, 2020 [കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ഭേദഗതി (എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നത്)]
(ഫയൽ നമ്പർ 12633/സബ്.സി.ഡി2/2021/നി.സെ.)

3 The Kerala Public Service Commission (Consultation by Corporations and Companies) (Amendment) Rules, 2020
(ഫയൽ നമ്പർ 7181/സബ്.സി.ഡി2/2021/നി.സെ.)

<u>സമിതി സാധൂകരണം നൽകിയ ചട്ടങ്ങളുടെ വിശദാംശം</u>

താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിശദീകരണം സമിതി അംഗീകരിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

<u>7-9-2021-ലെ യോഗം</u>

1 The Kerala Service (First Amendment) Amending Rules, 2021
(എസ്.ആർ.ഒ. നമ്പർ 356/2021)
(ഫയൽ നമ്പർ 3458/സബ്.സി.ഡി2/2019/നി.സെ.)

2 2021-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ. നമ്പർ 171/2021)
(ഫയൽ നമ്പർ 6179/സബ്.സി.ഡി2/2021/നി.സെ.)

3 പന്തയം വെച്ചുകൊണ്ടുള്ള ഓൺലൈൻ റമ്മി ഗെയിമുകൾക്ക് നിരോധനം ഏർപ്പെടുത്തുന്നതിനായി SRO No.1045/79 ഭേദഗതി ചെയ്തുകൊണ്ടുള്ള വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 234/2021)
(ഫയൽ നമ്പർ 6330/സബ്.സി.ഡി2/2021/നി.സെ.)

4 2020-ലെ കേരള പോലീസ് (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ. നമ്പർ 345/2020)
(ഫയൽ നമ്പർ 6677/സബ്.സി.ഡി2/2021/നി.സെ.)

## അദ്ധ്യായം IV

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A പ്രകാരമുള്ള സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ.

റിപ്പോർട്ട് കാലയളവിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A പ്രകാരം സമിതി യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം V

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | വകുപ്പ്/സ്ഥാപനം | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|---|
| 1 | 2 | 3 | 4 |
| 2018-19 (കാലതാമസ പത്രിക സഹിതം) | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ. ആർ12) വകുപ്പ് (ഭരണപരിഷ്കാര കമ്മീഷൻ) | 10-6-2021 |
| 2019-20 (കാലതാമസ പത്രിക സഹിതം) | ” | പൊതുഭരണ (അക്കൗണ്ട്സ് ബഡ്ജറ്റ് വിംഗ്) വകുപ്പ് | 10-6-2021 |
| ” | ” | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ. ആർ12) വകുപ്പ് (ഭരണപരിഷ്കാര കമ്മീഷൻ) | 10-6-2021 |
| ” | ” | നിയമ (പാർലമെന്ററികാര്യ) വകുപ്പ് | 10-6-2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| ” | XII- പോലീസ് | ആഭ്യന്തര (ഇ) വകുപ്പ് | 10-6-2021 |
| ” | XVIII- വൈദ്യ സഹായ രംഗവും പൊതുജനാരോഗ്യവും | ആഭ്യന്തര (ഇ) വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി) | 10-6-2021 |
| 2020-21 | XIII-ജയിലുകൾ | ആഭ്യന്തര (ബി) വകുപ്പ് (ജയിലുകൾ) | 10-6-2021 |
| ” | XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര (എഫ്) വകുപ്പ് (ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്) | 10-6-2021 |
| 2016-17 | XLI-ഗതാഗതം | ഗതാഗത (ഡി) വകുപ്പ് | 12-8-2021 |
| 2017-18 | ” | ” | ” |
| 2018-19 | IV- തെരഞ്ഞെടുപ്പുകൾ | തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ് (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ) | ” |
| 2018-19 (കാലതാമസ പത്രിക സഹിതം) | XLI - ഗതാഗതം | ഗതാഗത (ഡി) വകുപ്പ് | ” |
| 2019-20 (കാലതാമസ പത്രിക സഹിതം) | XXXVII - വ്യവസായങ്ങൾ | ഇലക്ട്രോണിക്സ് ആന്റ് വിവര സാങ്കേതിക വിദ്യാ (എ) വകുപ്പ് (ടെക്നോപാർക്ക്) | ” |
| 2020-21 | II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന- ഉദ്യോഗസ്ഥന്മാർ | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ. ആർ ) വകുപ്പ് | ” |
| ” | ” | ആസൂത്രണ സാമ്പത്തികകാര്യ (ബി. പി. ഇ) വകുപ്പ് | ” |

| 1 | 2 | 3 | 4 |
|---|---|---|---|
| ,, | ,, | പൊതുഭരണ (അക്കൗണ്ട്സ് വിംഗ്) വകുപ്പ് | ,, |
| ,, | ,, | ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു) വകുപ്പ് | ,, |
| ,, | ,, | പാർലമെന്ററികാര്യ (എ) വകുപ്പ് | ,, |
| ,, | ,, | ധനകാര്യ (അക്കൗണ്ട്സ്-എ) വകുപ്പ് | ,, |
| ,, | IV- തെരഞ്ഞെടുപ്പുകൾ | തദ്ദേശസ്വയംഭരണ (ഇ. എം) വകുപ്പ് (സംസ്ഥാന തെരഞ്ഞെടുപ്പ കമ്മീഷൻ) | ,, |
| ,, | XII - പോലീസ് | ആഭ്യന്തര (ഇ) വകുപ്പ് (പോലീസ്) | ,, |
| ,, | ,, | വിജിലൻസ് (സി) വകുപ്പ് | ,, |
| 2020-21 | XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ) | ,, |
| ,, | ,, | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ13) വകുപ്പ് (ഐ.എം.ജി) | ,, |
| ,, | ,, | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ ) വകുപ്പ് | ,, |

| 1 | 2 | 3 | 4 |
|---|---|---|---|
| ,, | XVIII-വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | ആഭ്യന്തര (ഇ) വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി) | ,, |
| ,, | XXIV- തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് | ,, |
| 2018-19 (കാലതാമസ പത്രിക സഹിതം) | II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (ബി) വകുപ്പ് (കേരള സംസ്ഥാന ഐ. ടി. മിഷൻ) | 3-11-2021 |
| 2019-20 (കാലതാമസ പത്രിക സഹിതം) | ,, | ,, | ,, |
| ,, | III - നീതിന്യായ നിർവ്വഹണം | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ. ആർ12) വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ) | ,, |
| 2019-20 (കാലതാമസ പത്രിക സഹിതം) | XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | ശാസ്ത്ര സാങ്കേതിക വകുപ്പ് (കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ) | ,, |
| 2020-21 (കാലതാമസ പത്രിക സഹിതം) | II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | പൊതുഭരണ (സ്പെഷ്യൽ ഇ) വകുപ്പ് (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) | ,, |
| ,, | ,, | ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) | ,, |
| ,, | IV- തെരഞ്ഞെടുപ്പുകൾ | ഇലക്ഷൻ വകുപ്പ് | ,, |
| ,, | XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | പൊതുഭരണ (എ.ഐ.എസ്. എ.) വകുപ്പ് | ,, |

| 1 | 2 | 3 | 4 |
|---|---|---|---|
| ,, | XXIII - വാർത്താവിതരണവും പ്രചാരണവും | ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (ബി) വകുപ്പ് | ,, |
| 2017-18 | II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ വകുപ്പ് (സി-ഡിറ്റ്) | 16-3-2022 |
| 2018-19 (കാലതാമസ പത്രിക സഹിതം) | ,, | ,, | ,, |
| ,, | XXXVII- വ്യവസായങ്ങൾ | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ വകുപ്പ് (ഐ. ഐ. ഐ ടി.എം.കെ) | ,, |
| 2018-19 (കാലതാമസ പത്രിക സഹിതം) | XXXVII- വ്യവസായങ്ങൾ | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ വകുപ്പ് (സൈബർ പാർക്ക്, കോഴിക്കോട്) | ,, |
| 2019-20 (കാലതാമസ പത്രിക സഹിതം) | II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ വകുപ്പ് (സി-ഡി റ്റ്) | ,, |
| ,, | IV-തെരഞ്ഞെടുപ്പുകൾ | തദ്ദേശസ്വയംഭരണ വകുപ്പ് (സംസ്ഥാന തെരഞ്ഞെടുപ്പ കമ്മീഷൻ) | ,, |
| 2020-21 (കാലതാമസ പത്രിക സഹിതം) | II- സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (നാലാം ഭരണ പരിഷ്കാര കമ്മീഷൻ) | ,, |
| ,, | XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഉന്നതവിദ്യാഭ്യാസ (സ്റ്റേഷനറി) വകുപ്പ് | ,, |

## അദ്ധ്യായം VI

(എ) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

<table>
<tr><th>ആകെ ശിപാർശകൾ</th><th>മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പറും വകുപ്പുകളും</th><th>സമിതിയിൽ സമർപ്പിച്ച മറുപടികളുമായി ബന്ധപ്പെട്ട ഖണ്ഡികകൾ</th><th>മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പും</th></tr>
<tr><td>1</td><td>2</td><td>3</td><td>4</td></tr>
<tr><td rowspan="5">172</td><td>1-3, 5, 10, 13-15, 149<br>പൊതുഭരണ<br>(അക്കൗണ്ട്സ് ബഡ്ജറ്റ് വിങ്)</td><td rowspan="5">19, 21, 53,<br>106-121, 133</td><td>4<br>പൊതുഭരണ<br>(സ്പെഷ്യൽ-ഇ)<br>വകുപ്പ്</td></tr>
<tr><td>6-8, 16, 38, 39, 42, 43, 47, 52, 141-144 നിയമ (പാർല) വകുപ്പ്</td><td rowspan="2">11<br>പൊതുഭരണ<br>(പൊളിറ്റിക്കൽ)<br>വകുപ്പ്</td></tr>
<tr><td>9<br>പാർമെന്ററികാര്യ (എ)<br>വകുപ്പ്</td></tr>
<tr><td>17, 18, 22<br>പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്</td><td rowspan="2">20<br>ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്</td></tr>
<tr><td>19<br>ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്</td></tr>
<tr><td></td><td>21<br>ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്</td><td></td><td rowspan="2">24-37, 40, 41, 45, 46, 48-51<br>ആഭ്യന്തര (സി)<br>വകുപ്പ്</td></tr>
<tr><td></td><td>23, 134, 135<br>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ13) വകുപ്പ്</td><td></td></tr>
</table>

| 1 | 2 | 3 | 4 |
|---|---|---|---|
| | 44, 148<br>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 12) വകുപ്പ് | | 130-132, 146, 147<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് |
| | 53<br>തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ് | | |
| | 106-121<br>വിജിലൻസ് (സി) വകുപ്പ് | | 150-152<br>ശാസ്ത്ര സാങ്കേതിക വകുപ്പ് |
| | 122-129<br>ആഭ്യന്തര (ബി) വകുപ്പ് | | |
| | 133<br>പൊതുഭരണ (എ.ഐ.എസ്.എ) വകുപ്പ് | | 170-172<br>ഗതാഗത (ഡി) വകുപ്പ് |
| | 136-140<br>ആഭ്യന്തര (എഫ്) വകുപ്പ് | | |
| | 145<br>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് | | |
| | 153-166<br>ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് | | |

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളുടെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശം

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

### ശിപാർശ

കൗൺസിൽ പുനസംഘടിപ്പിച്ച് നവരീതി ആശയങ്ങളും മാർഗ്ഗങ്ങളും കൂടുതൽ ഫലപ്രദമായി വിഭാവനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് അധിക ജീവനക്കാരെ നിയോഗിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന അധിക ബാദ്ധ്യത കണക്കിലെടുത്ത് 3451-00-092-92 NP (V) എന്ന ശീർഷകത്തിൽ 63,42,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 12)**

### സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഡി2/60/2020-പ്ലാനിംഗ് തീയതി 27-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

### ശിപാർശ

സംയോജിത ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രത്തിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

### സ്വീകരിച്ച നടപടി

സംയോജിത ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം, മുണ്ടൂർ എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലെങ്കിലും, “ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് സർക്കാരിൽ

നിന്ന് നൽകുന്ന സഹായധനം''-പദ്ധതി 3425-60-200-71(04) എന്ന ശീർഷകത്തിൽ സംയോജിത ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രത്തിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നാണ് ശമ്പളേതര ചെലവുകൾ വഹിയ്ക്കുന്നത്. ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കൗൺസിലിനുകീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കൗൺസിൽ നേരിട്ടു നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 4.67 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഗ്രാന്റ്-ഇൻ -എയ്ഡ് സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പിനായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കൗൺസിലിന്റെ കീഴിലുള്ള 7 ഗവേഷണ സ്ഥാപനങ്ങളിലേയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും നൽകുന്നതിനും ശാസ്ത്രജ്ഞന്മാർക്ക് ഏഴാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനുമായി

നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8.8833 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ജൈവ സാങ്കേതിക വിദ്യാവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രത്യേക പരിപാടികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കരമന നദീതടത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും പദ്ധതി ചെലവുകൾക്കും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന കെട്ടിടം, പ്രീഫാബ് കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൗകര്യ വികസനങ്ങൾക്കുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/116/2019/ശാ.സാ.വ തീയതി 26-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

### ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ചെയ്തു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 40,00,000 രൂപയാണ്. 19.3.2021 ലെ ജി.ഒ.(ആർ.റ്റി) നം. 2569/2021/ഫിൻ പ്രകാരം 5,00,000 രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 43,58,992 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യൂ2/41/2020/പൊ.ഭ.വ. തീയതി 17-6-2021)

### ശിപാർശ

വേതനം, ക്ഷാമബത്ത, വാഹന അറ്റകുറ്റപ്പണികൾ, ടെലിഫോൺ ചെലവ് എന്നീ ഇനങ്ങളിലായി നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-4- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 5 ലക്ഷം രൂപ |
| 02-വേതനം | - | 30 ലക്ഷം രൂപ |
| 04-4- അവധി യാത്രാനുകൂല്യം | - | 2.5 ലക്ഷം രൂപ |
| 05-3-ടെലിഫോൺ ചെലവ് | - | 5.85 ലക്ഷം രൂപ |
| 24-സാധന സാമഗ്രികൾ | - | 40,000 രൂപ |

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 52,28,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 42,85,236 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.

<u>വേതനം</u>

2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതം 37,650,000 രൂപയാണ്. അതിൽ നിന്നും 3,87,47,681 രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>അവധി യാത്രാനുകൂല്യം</u>

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 13,50,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 11,70,275 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.

<u>ടെലിഫോൺ ചെലവ്</u>

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 69,15,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 68,46,986 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.

<u>സാധന സാമഗ്രികൾ-</u>

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 3,60,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 3,55,645 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/41/2020/പൊ.ഭ.വ. തീയതി 17-6-2021)

<u>ശിപാർശ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്യാന്റീൻ ജീവനക്കാർക്ക് വേതനം, ഗ്യാസ് സബ്സിഡി എന്നീ ഇനങ്ങളിലെ ചെലവ് നിർവ്വഹിക്കുവാൻ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 30,00,000 രൂപയാണ്. 23-9-2020-ലെ ജി.ഒ.(ആർ.റ്റി.) നം. 5418/2020/ഫിൻ പ്രകാരം 30,00,000 രൂപയും, 24-3-2021-ലെ ജി.ഒ. (ആർ.റ്റി.) നം. 2810/2021/ഫിൻ പ്രകാരം 1,96,000 രൂപയും 30-3-2021-ലെ ജി.ഒ.(ആർ.റ്റി.) നം. 3209/2021/ഫിൻ പ്രകാരം 2,88,000 രൂപയും (ആകെ 34,84,000 രൂപ) അധികമായി അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ നിന്നും 64,83,719 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/41/2020/പൊ.ഭ.വ. തീയതി 17-6-2021)

<u>ശിപാർശ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വാഹനങ്ങളുടെ വാടക, കമ്മീഷന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്ന പ്രൊഫഷണൽ ഏജൻസികളുടെ സേവനത്തിനുള്ള ചെലവ് എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 8.14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ശീർഷകത്തിൽ 2,56,000 രൂപയാണ് അനുവദിച്ചിരുന്നത്. മുൻ സാമ്പത്തിക വർഷത്തെ ചെലവ് കണക്കിലെടുത്ത് 4 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതനുസരിച്ച് സമിതി ശുപാർശ ചെയ്യുകയും ചെയ്തു. ടി ശീർഷകത്തിൽ 12-7-2020-ലെ G.O.(Rt) No.4101/2020/Fin. ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയും, 11-2-2021-ലെ GO(Rt) No.1232/2021/Fin. പ്രകാരം 3,03,000 രൂപയും, 6-3-2021-ലെ GO(Rt) No. 2082/2021/ Fin. പ്രകാരം 2 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷനായി അനുവദിച്ചിരുന്നു. ആയതിന് പുറമെ 22-3-2021-ലെ GO(Rt)No.2730/2021/Fin. പ്രകാരം 5,20,000 രൂപ കൂടി റീ അപ്രോപ്രിയേഷൻ ആയി അനുവദിച്ചിട്ടുണ്ട്.

2052-00-092-81-00-28 'തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തികവർഷം ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 30-1-2021-ലെ GO(Rt)No.831/2021/Fin. ഉത്തരവ് പ്രകാരം 7,14,000 രൂപയും 20-2-2021 ലെ GO(Rt)No.1622/2021/ Fin. ഉത്തരവ് പ്രകാരം

7,31,000 രൂപയും അഡീഷണൽ ആതറൈസേഷനായി അനുവദിച്ചിട്ടുണ്ട്. ആയതിന് പുറമേ 22-3-2021-ലെ GO(Rt)No.2730/2021/ Fin. പ്രകാരം 1,50,000 രൂപ കൂടി റീ അപ്രോപ്രിയേഷൻ ആയി അനുവദിച്ചിട്ടുണ്ട്.

'2052-00-092-81-00-97 വാഹനങ്ങളുടെ വാടക' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 6 ലക്ഷത്തിനു പുറമെ 30-1-2021-ലെ GO(Rt.)No 831/2021/Fin പ്രകാരം 1,00,000 രൂപ അഡീഷണൽ ആതറൈസേഷനായി അനുവദിച്ചിട്ടുണ്ട്. ടി തുക നടപ്പ് സാമ്പത്തിക വർഷം പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ എ.ആർ12-1/188/2020/ഉ.ഭ.പ.വ. തീയതി 15-6-2021)

ശിപാർശ

നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 25,00,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 17,64,105 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/41/2020/പൊ.ഭ.വ തീയതി 17-6-2021)

ശിപാർശ

നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 3,00,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 2,24,178 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/41/2020/പൊ.ഭ.വ. തീയതി 17-6-2021)

ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 29,17,000 രൂപയാണ്. 1-2-2021-ലെ ജി.ഒ (ആർ.റ്റി.) നം. 860/2021/ഫിൻ പ്രകാരം 3,00,000 രൂപയും, 16-3-2021-ലെ ജി. ഒ (ആർ.റ്റി.) നം. 2175/2021/ ഫിൻ പ്രകാരം 4,17,000 രൂപയും (ആകെ 7,17,000 രൂപ) അധികമായി അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ നിന്നും 24,14,929 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/41/2020/പൊ.ഭ.വ തീയതി 17-6-2021)

ശിപാർശ

സർക്കാരിന്റെ പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

ഐ. എം.ജി. യുടെ തിരുവനന്തപുരത്തും കൊച്ചിയിലും, കോഴിക്കോട്ടും ഉള്ള മേഖലാ കേന്ദ്രങ്ങളിലെ ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തുക, ക്ലാസ് റൂം സൗകര്യം മെച്ചപ്പെടുത്തുക, പരിശീലന ഉപകരണങ്ങൾ മെച്ചപ്പെടുത്തുകയും പുതിയത് വാങ്ങുകയും ചെയ്യുക, പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ സർക്കാർ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനവും ഓറിയന്റേഷൻ പരിശീലനവും കൂടാതെ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കായുള്ള പരിശീലന പരിപാടികളും നടപ്പിലാക്കാൻ പശ്ചാത്തല സൗകര്യം ഒരുക്കുക എന്നീ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 166)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ശമ്പളവും ഇ.പി.എഫ്, ഗ്രാറ്റുവിറ്റി, ചികിത്സാ ചെലവ് തുടങ്ങിയ മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 12.4248 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 167)

## സ്വീകരിച്ച നടപടി

അധികവിഹിതം അനുവദിക്കുന്നതിനായി ഐ.എം.ജി. ലഭ്യമാക്കിയ വിശദമായ പ്രൊപ്പോസൽ ധനകാര്യവകുപ്പ് തലത്തിൽ പരിശോധിക്കുകയും ഐ. എം.ജി-ക്ക് അധിക ധനസഹായം ആവശ്യപ്പെട്ടിരിക്കുന്ന ശീർഷകത്തിൽ തുക ശേഷിക്കുന്നതിനാൽ അധിക ഫണ്ട് ഇപ്പോൾ അനുവദിക്കേണ്ടതായി കാണുന്നില്ല എന്നും, ആയതിനാൽ ടി ശീർഷകത്തിൽ നിലവിലുള്ള തുക തീരുന്ന മുറയ്ക്ക് അധിക ഫണ്ട് അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ് എന്ന വിവരം ഐ.എം.ജിയെ അറിയിക്കുകയും ചെയ്തിരുന്നു.

എന്നാൽ സംസ്ഥാനത്ത് കോവിഡ് വ്യാപനം നിലനിന്നിരുന്നതിനാലും ഐ.എം.ജി.യുടെ ഹോസ്റ്റൽ കെട്ടിടങ്ങൾ ക്വാറന്റൈൻ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വന്നിരുന്നതിനാലും 2020-21 സാമ്പത്തിക വർഷത്തിൽ ട്രെയിനിംഗ് കലണ്ടർ പ്രകാരമുള്ള ഓഫ് ലൈൻ പരിശീലന പരിപാടികൾ പൂർണ്ണമായും നടത്തപ്പെട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ പ്ലാൻ ശീർഷകങ്ങളിൽ നിന്നും പരിമിതമായ വിഹിതവിനിയോഗമേ വേണ്ടിവന്നുള്ളു എന്നതിനാൽ തുടർന്ന് അധികധനാനുമതിയ്ക്കുള്ള ശിപാർശകൾ ഒന്നും ഐ. എം. ജി. ലഭ്യമാക്കിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 19/എ.ആർ 13(1)/2020/ഉ.ഭ.പ.വ. തീയതി 19-7-2021)

## ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, കെട്ടിടങ്ങളുടെ വാടക, വാഹനങ്ങളുടെ ഇന്ധന ചെലവ്, എൽ.റ്റി.സി എന്നീ ആവശ്യങ്ങൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-4- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - 5.50 ലക്ഷം രൂപ

04-4- എൽ.റ്റി. സി - 5.60 ലക്ഷം രൂപ

06- വാടക, കരം, നികുതി -12-75 ലക്ഷം രൂപ

45 - പി. ഒ. എൽ -5.66 ലക്ഷം രൂപ

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ 2020-21 സാമ്പത്തിക വർഷം GO (Rt) No. 7388/2020/Fin dated 21-12-2020 ഉത്തരവ് പ്രകാരം 2,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ ആകെ 6,47,237 രൂപ ചെലവായിട്ടുണ്ട്.

എൽ.റ്റി.സി. ഇനത്തിൽ 2020-21 സാമ്പത്തിക വർഷം GO(Rt)No.330/2021/Fin. Dated 13-1-2021 ഉത്തരവ് പ്രകാരം 3,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ ആകെ 6,64,534 രൂപ ചെലവായിട്ടുണ്ട്.

വാടക, കരം, നികുതി ഇനത്തിൽ 2020-21 സാമ്പത്തിക വർഷം GO(Rt)No.588/2021/Fin. Dated 22-1-2021 ഉത്തരവ് പ്രകാരം 13,59,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ ആകെ 26,77,508 രൂപ ചെലവഴിച്ചിട്ടുണ്ട്.

കോവിഡ്-19 ന്റെ ഭാഗമായി യാത്രാ നിയന്ത്രണം വന്നതിനാൽ അധിക ധനബാധ്യത ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ.ആർ12-2/86/2020/ഉ.ഭ.പ.വ. തീയതി 23-7-2021)

(കാലതാമസപത്രിക 4-8-2021-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർണ്ണയിക്കാൻ പര്യാപ്തമല്ലെന്നും 2020 ഒക്ടോബർ/നവംബർ മാസത്തിൽ നടക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങളിൽ 1.4187 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01- ശമ്പളം - 52 ലക്ഷം രൂപ

02- വേതനം - 20 ലക്ഷം രൂപ

04- യാത്രാ ചെലവുകൾ

1- യാത്രാ ബത്ത – 38 ലക്ഷം രൂപ

2- അവധി യാത്രാനുകൂല്യം - 3,50,000 രൂപ

05 ഓഫീസ് ചെലവുകൾ

1- വെള്ളക്കരം - 1,10,000 രൂപ

2- വൈദ്യുതചെലവ് - 9,27,000 രൂപ

4- മറ്റ് ചെലവുകൾ - 8 ലക്ഷം രൂപ

21- മോട്ടോർ വാഹനങ്ങൾ

02- സംരക്ഷണവും അറ്റകുറ്റപ്പണിയും - 4 ലക്ഷം രൂപ

45 പി.ഒ.എൽ - 6 ലക്ഷം രൂപ

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

27-11-2020-ലെ GO(Rt)No. 6910/2020/Fin. പ്രകാരം 2015-00-101-99-05-OC-01-വെള്ളക്കരം എന്ന ശീർഷകത്തിൽ 50,000 രൂപയും 2015-00-101-99-05-OC-02-വൈദ്യുത ചെലവ് എന്ന ശീർഷകത്തിൽ 4,00,000 രൂപയും 2015-00-101-99-05-OC-03-ടെലിഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ 1,00,000 രൂപയും 2015-00-101-99-21-02-മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ 1,50,000 രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച കിട്ടിയതിൽ 2015-00-101-99-05-OC-01-വെള്ളക്കരം എന്ന ശീർഷകത്തിൽ 23,288 രൂപയും 2015-00-101-99-05-OC-02-വൈദ്യുത ചെലവ് എന്ന ശീർഷകത്തിൽ 3,07,169 രൂപയും 2015-00-101-99-05-OC -03-ടെലിഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ 1,00,000 രൂപയും 2015-00-101-99-21-02-മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ 1,43,937 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എം2/148/2020-തസ്വഭവ. തീയതി 1-7-2021)

ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം

ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്നും 2020-ലെ തെരഞ്ഞെടുപ്പിനാവശ്യമായ 13912 മൾട്ടിപോസ്റ്റ് ഇ.വി.എം. മെഷീനുകൾ വാങ്ങുന്നതിനും, വെയർഹൗസ് അഭിവൃദ്ധിപ്പെടുത്തൽ, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കും മറ്റ് ചെലവുകൾക്കുമായി അധികവിഹിതം ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 137.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സ്വീകരിച്ച നടപടി</u>

19-8-2020-ലെ GO(Rt)No. 4799/2020/Fin. പ്രകാരം 2015-00-109-99-34-OC-03 OI എന്ന ശീർഷകത്തിൽ 1,00,00,00,000 രൂപയും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് 2020-ജനറൽ ഇലക്ഷൻ 7-12-2020-ലെ GO(Rt)No.7152/2020/Fin. പ്രകാരം 2015-00-109-99-34-OC-03 OI എന്ന ശീർഷകത്തിൽ 40,00,00,000 രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചു കിട്ടിയിട്ടുണ്ട്. ആകെ അനുവദിച്ചു കിട്ടിയ 1,40,00,00,000 രൂപയിൽ 1,19,21,69,600 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എം2/148/2020-തസ്വഭവ. തീയതി 1-7-2021)

<u>ശിപാർശ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്ന പക്ഷം ഈ ശീർഷകത്തിൽ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>സ്വീകരിച്ച നടപടി</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്നതിനായി 2-11-2019-ലെ സ.ഉ.(അച്ചടി) നമ്പർ 79/2019/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ വ്യാപനംമൂലം ടി തീരുമാനം സർക്കാർ പിന്നീട് റദ്ദ് ചെയ്യുകയും ചെയ്തതിനാൽ 2020-21 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ തുക അനുവദിച്ചു കിട്ടുകയോ ആവശ്യമായി വരികയോ ചെയ്തിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എം2/148/2020-തസ്വഭവ. തീയതി 1-7-2021)

ശിപാർശ

പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലെയും, റേഞ്ച് ഐ.ജി. ഓഫീസിലേയും യാത്രാബത്ത നിർവ്വഹിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 55.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

കേരള നിയമസഭാ ഇലക്ഷൻ ആവശ്യത്തിനായി G.O(Rt)No.2006/2021/ Fin. Dtd.3-3-2021 പ്രകാരം 5,00,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 12.8455 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ഈ ഇനത്തിൽ ലഭ്യമാക്കിയ തുക വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 2.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സ്വീകരിച്ച നടപടി</u>

G.O.(Rt)No.6943/2020/Fin. Dated 27-11-2020 പ്രകാരം 2,12,00,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

ഈ ഇനത്തിൽ ലഭ്യമാക്കിയ തുക വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 1.841 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സ്വീകരിച്ച നടപടി</u>

G.O.(Rt)No.700/2021/Fin. Dated 27-2-2021 പ്രകാരം 19,54,000 രൂപ അധിക തുകയായി അനുവദിച്ചു. കൂടാതെ കേരള നിയമസഭാ ഇലക്ഷൻ ആവശ്യത്തിനായി G.O(Rt)No.2006/2021/Fin. Dtd.3-3-2021 പ്രകാരം 25,00,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

ഈ ഇനത്തിൽ ലഭ്യമാക്കിയ തുക വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 12.48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സ്വീകരിച്ച നടപടി</u>

G.O(Rt)No.820/2021/Fin. Dtd.31-1-2021 പ്രകാരം 9,63,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 09.08.2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

ഈ ഇനത്തിൽ ലഭ്യമാക്കിയ തുക വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 3.65 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 09.08.2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 6.23 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

<u>സ്വീകരിച്ച നടപടി</u>

G.O.(Rt)No.4224/2020/Fin. Dated 17-7-2020 പ്രകാരം 25,00,000 രൂപ അധിക തുകയായി അനുവദിച്ചു. G.O.(Rt)No.6889/2020/Fin. Dated 25-11-2020 പ്രകാരം ധനപുനഃവിനിയോഗം വഴി 10,00,000 രൂപ അനുവദിച്ചു. കൂടാതെ G.O.(Rt)No.1356/2021/Fin. Dated 15-2-2021 പ്രകാരം 22,00,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 09.08.2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 20.0075 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 09.08.2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 39.1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 79)

സ്വീകരിച്ച നടപടി

കേരള നിയമസഭാ ഇലക്ഷൻ ആവശ്യത്തിനായി G.O(Rt)No.2006/2021/ Fin. Dtd.3-3-2021 പ്രകാരം 25,00,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, മറ്റ് ആകസ്മിക ചെലവുകൾ എന്നിവ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 3.98 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

ശ്രീ. നമ്പി നാരായണന് നൽകുന്നതിനായി 1,30,00,000 രൂപ G.O(Rt)No.3911/ 2020/Fin.Dtd.26-6-2020 പ്രകാരം അധികതുകയായി അനുവദിച്ചു. ഹെലികോപ്റ്ററിന്റെ വാടക നൽകുന്നതിനായി G.O(Rt)No.4378/ 2020/Fin. Dtd.28-7-2020 പ്രകാരം 2,55,07,000 രൂപ അധികമായി അനുവദിച്ചു. ഹെലികോപ്റ്ററിനായി G.O(Rt)No.200/ 2021/Fin. Dtd.8-1-2021 പ്രകാരം 10,53,17,000 രൂപയും G.O(Rt)No.1452/2021/Fin. Dtd.17-2-2021 പ്രകാരം 1,70,63,000 രൂപയും വീണ്ടും G.O(Rt)No.1978/2021/Fin.

Dtd.13-3-2021 പ്രകാരം 1,70,63,000 രൂപയും അനുവദിച്ചു. കൂടാതെ കേരള നിയമസഭാ ഇലക്ഷന് G.O(Rt)No.2006/2021/ Fin. Dtd.03.03.2021 പ്രകാരം 11,55,000 രൂപയും അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 09.08.2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസുകളിലെയും റേഞ്ച് ഐ.ജി. ഓഫീസുകളിലെയും ഇന്ധന ചെലവിനായി നിലവിൽ വകയിരുത്തിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3.6691 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

G.O(Rt)No.1632/2021/Fin. Dtd.02.02.2021 പ്രകാരം 61,55,000 രൂപ അധിക തുകയായി അനുവദിച്ചു. കൂടാതെ G.O(Rt)No.2226/2021/Fin. Dtd.10.03.2021 പ്രകാരം 70,00,000 രൂപയും കേരള നിയമസഭാ ഇലക്ഷന് G.O(Rt)No.2006/2021/Fin. Dtd.3-3-2021 പ്രകാരം 20,00,000 രൂപയും അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ഈ ശീർഷകത്തിൽ 24.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള മറ്റു ചെലവുകൾ നിർവ്വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സ്വീകരിച്ച നടപടി

കേരള നിയമസഭാ ഇലക്ഷന് വേണ്ടി G.O(Rt)No.2006/2021/Fin.Dtd.3-3-2021 പ്രകാരം 1,00,000 രൂപ അനുവദിച്ചു. G.O(Rt)No.2918/2021/ Fin. Dtd.25-3-2021 പ്രകാരം 20,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

പോലീസ് പരിശീലന സ്കൂളിലെ മരാമത്തു പണികൾ നിർവ്വഹിക്കുന്നതിനായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 38.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 09.08.2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

പോലീസ് പരിശീലന സ്കൂളിലെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3.9675 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 45.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സ്വീകരിച്ച നടപടി

കേരള നിയമസഭാ ഇലക്ഷന് വേണ്ടി G.O(Rt)No.2006/2021/Fin. Dtd.3-3-2021 പ്രകാരം 5,00,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 09.08.2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകളുമെല്ലാം മേൽ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. ഇതിനായി വകയിരുത്തിയിരിക്കുന്ന തുക പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 44.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സ്വീകരിച്ച നടപടി

കേരള നിയമസഭാ ഇലക്ഷന് വേണ്ടി G.O(Rt)No.2006/2021/Fin. Dtd.3-3-2021 പ്രകാരം 1,30,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള പോലീസ് അക്കാഡമിയിലെ മരാമത്ത് പണികൾ നടത്തുന്നതിനായി വകയിരുത്തിയ തുക തുലോം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള പോലീസ് അക്കാഡമിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി വകയിരുത്തിയ തുക വളരെ കുറവാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 6.4297 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 9-8-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള പോലീസ് അക്കാഡമിയിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിനായി വകയിരുത്തിയ തുക വളരെ കുറവാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 66.24 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

<u>സ്വീകരിച്ച നടപടി</u>

കേരള നിയമസഭാ ഇലക്ഷന് വേണ്ടി G.O(Rt)No.2006/2021/Fin. Dtd.3-3-2021 പ്രകാരം 9,10,000 രൂപ അധിക തുകയായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/345/2020/ആഭ്യന്തരം തീയതി 09.08.2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

സ്വീകരിച്ച നടപടി

“നാം മുന്നോട്ട്” ടെലിവിഷൻ പരിപാടിയുടെ നിർമ്മാണത്തിനും സംപ്രേഷണത്തിനുമായി '2220-60-102-98 പി.ആർ.ഡി. സഹായക കേന്ദ്രം' ശീർഷകത്തിൽ നിന്നും 25 ലക്ഷം രൂപയും '2220-60-102-99 ഇൻഫർമേഷൻ സെന്റേഴ്സ് ശീർഷകത്തിൽ നിന്നും 25 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 50 ലക്ഷം രൂപ 25-3-2021 തീയതിയിലെ സ.ഉ.(സാധാ) നം.2936/2021/ധന. പ്രകാരം ധനപുനഃവിനിയോഗം മുഖേന അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

ശിപാർശ

ബഡ്ജറ്റ് വിഹിതം സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ രാജ്യതലസ്ഥാനത്ത് കേരളത്തിന്റെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ കൂടുതൽ വൈവിധ്യമാർന്ന രീതിയിൽ അവതരിപ്പിക്കുവാൻ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 196)

സ്വീകരിച്ച നടപടി

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ന്യൂഡൽഹിയിൽ പൊതുപരിപാടികൾ നടത്തുവാൻ സാധിക്കാത്തതിനാൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 197)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 23-11-2020 തീയതിയിലെ സ.ഉ.(സാധാ) നം 6817/2020/ധന പ്രകാരം 8 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

<u>ശിപാർശ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുറമേ നടത്തിവരുന്ന പ്രചാരണ സംവിധാനങ്ങൾ മികവുറ്റ രീതിയിൽ ആവിഷ്കരിക്കുവാനും സാധ്യതകൾ പ്രയോജനപ്പെടുത്തുവാനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 198)

<u>സ്വീകരിച്ച നടപടി</u>

കോവിഡ് 19-ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ വിപുലമായ ക്യാമ്പയിനുകളും പദ്ധതി പ്രവർത്തനങ്ങളും നടത്താനാകാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

<u>ശിപാർശ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 199)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 23-11-2020 തീയതിയിലെ സ.ഉ.(സാധാ) നം. 6817/2020/ധന പ്രകാരം 20 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരസ്യ ബില്ലുകളുടെ പേയ്മെന്റ് കുടിശ്ശിക, ജി.എസ്.ടി തുടങ്ങിയവ ഒടുക്കേണ്ടതായിട്ടുള്ളതിനാലും സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 200)

സ്വീകരിച്ച നടപടി

2017 ജനുവരി മുതൽ 2019 മാർച്ച് വരെയുള്ള ടെൻഡർ/നോൺടെൻഡർ പരസ്യങ്ങൾ നൽകിയ വകയിലെ കുടിശ്ശിക നൽകുന്നതിലേയ്ക്ക് ഫണ്ട് ആവശ്യപ്പെട്ടതിൻപ്രകാരം ധനകാര്യവകുപ്പ് 27-6-2020 തീയതിയിലെ സ.ഉ.(സാധാ)നം.3915/2020/ധന. പ്രകാരം 25.4613 കോടി രൂപ അനുവദിച്ചിരുന്നു. ടി കാലയളവിലെ ലഭ്യമായ എല്ലാ ബില്ലുകൾക്കും പേയ്മെന്റ് അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള സൗണ്ട് ബൂത്ത് സംവിധാനം, ഇന്റർനെറ്റ് റേഡിയോയ്ക്ക് ആവശ്യമായ വൈവിധ്യമാർന്ന പ്രോഗ്രാം, പ്രൊഡക്ഷൻ എന്നിവയുടെ ചെലവ് കണക്കിലെടുത്ത്, ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 201)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതിയിലെ 6 പ്രവർത്തികൾ കൂടി നടപ്പാക്കുന്നതിന് 108.75 ലക്ഷം രൂപ അധികമായി വേണ്ടിവന്നതിനാൽ '2220-60-106-93 ഔട്ട്ഡോർ പബ്ലിസിറ്റി ക്യാമ്പയിൻ' ശീർഷകത്തിൽ നിന്നും 78.6 ലക്ഷം രൂപയും '2220-60-106-94 വാർത്താവിതരണ വിദ്യാഭ്യാസവും കമ്മ്യൂണിക്കേഷനും' ശീർഷകത്തിൽ

നിന്നും 20 ലക്ഷം രൂപയും '2220-60-102-98 പി.ആർ.ഡി. സഹായക കേന്ദ്രം' ശീർഷകത്തിൽ നിന്നും 10.15 ലക്ഷം രൂപയും ഉൾപ്പെടെ 108.75 ലക്ഷം രൂപ 19-3-2021 തീയതിയിലെ സ.ഉ.(സാധാ) നം. 2585/2021/ധന പ്രകാരം ധനപുനഃവിനിയോഗം മുഖേന അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതി മികവുറ്റതാക്കുന്നതിന് ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 202)

സ്വീകരിച്ച നടപടി

കോവിഡ് 19-ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ വിപുലമായ ക്യാമ്പയിനുകളും പദ്ധതി പ്രവർത്തനങ്ങളും നടത്താനാകാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

ശിപാർശ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കണ്ടന്റ് എഡിറ്റർമാരുടെ സേവനം ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 203)

സ്വീകരിച്ച നടപടി

'2220-60-103-99 പ്രസ് ഫെസിലിറ്റീസ് ശീർഷകത്തിൽ' നിന്നും 15 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി ഈ ശീർഷകത്തിൽ അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന് ഫയൽ സമർപ്പിച്ചെങ്കിലും തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

<u>ശിപാർശ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടാഗോർ തിയേറ്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും തിയേറ്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 204)

<u>സ്വീകരിച്ച നടപടി</u>

കോവിഡ്-19 മൂലമുണ്ടായ പ്രതിസന്ധികൾ കാരണം പുതിയ പ്രവർത്തനങ്ങളൊന്നും നടപ്പാക്കാൻ കഴിയാത്തത് കൊണ്ട് ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/10/2020/ഐ.പി.ആർ. തീയതി 28-6-2021)

<u>ശിപാർശ</u>

18 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അവാർഡ് തുകയും എൽ.എ.ആർ. കോടതി വിധി പ്രകാരമുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 257.3010038 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 205)

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് 257.30 കോടി രൂപ വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകളിൽ കോടതി വിധി പ്രകാരം നഷ്ടപരിഹാരമായി നൽകേണ്ട 3.17 കോടി രൂപ മാത്രമേ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കേണ്ടതായി വന്നിട്ടുള്ളൂ.

(സർക്കാർ കത്ത് നമ്പർ ഡി2/205/2020/ഗതാ. തീയതി 28-6-2021)

പിണറായി വിജയൻ,

തിരുവനന്തപുരം,
2022 ജൂലൈ 18.

ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി XIV.

## 21-6-2021-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2021 ജൂൺ മാസം 21-ാം തീയതി, തിങ്കളാഴ്ച രാവിലെ 11.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാക്കളായ വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
4. ശ്രീ. ടി. ഐ. മധുസൂദനൻ
5. ശ്രീ. മാത്യു ടി. തോമസ്
6. ശ്രീ. ഉമ്മൻ ചാണ്ടി
7. ശ്രീ. ടി. പി. രാമകൃഷ്ണൻ
8. ശ്രീ. വി. ഡി. സതീശൻ
9. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
10. ശ്രീ. തോമസ് കെ. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. ബിജു, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
2. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
3. ഡോ. വേണു വി., അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

4. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

5. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

6. ഡോ. കെ. പി. സുധീർ, പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്.

7. ഡോ. രാജു നാരായണ സ്വാമി, പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

8. ശ്രീ. വേണുഗോപാൽ, സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

9. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്.

10. കുമാരി ബീന വി. ടി., സെക്രട്ടറി, ഇൻഫർമേഷൻ കമ്മീഷൻ.

11. ശ്രീമതി ഗീത ജെ. ആർ., സെക്രട്ടറി, ഐ. എം. ജി.

12. ശ്രീമതി ടി. നീന കുമാരി, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

13. ശ്രീമതി സജിത പി. പി., സ്പെഷ്യൽ സെക്രട്ടറി & എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഡെവലപ്പ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC).

14. ശ്രീമതി. ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

15. ശ്രീ. മുഹമ്മദ് വൈ. സഫീറുള്ള, അഡീഷണൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

16. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ്.

17. ശ്രീ. ജീവൻ എൻ., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

18. ശ്രീ. ടി. രഘുനാഥ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

19. ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

20. ശ്രീമതി മീര എസ്., ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്.

21. ഡോ. ബി. സന്ധ്യ, ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ സർവീസസ്.

22. ശ്രീമതി അനുപമ, ടി. വി., ഡയറക്ടർ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സി.പി.എം.യു)

23. ശ്രീ. ചന്ദ്രശേഖർ എസ്., ഡയറക്ടർ, ഐ.ടി. മിഷൻ.

24. ശ്രീ. അരുൺ അൽഫോൻസ്, ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ), ഫയർ ആന്റ് റെസ്ക്യൂ സർവീസസ്.

25. ശ്രീ. മനു ബി., ഡയറക്ടർ, അച്ചടി വകുപ്പ്.

26. ശ്രീ. സാജു ജോർജ്ജ്, സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.

27. ശ്രീമതി അനിത കുമാരി ബി. എസ്., ജോയിന്റ് സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.

28. ശ്രീ. ഹരികൃഷ്ണൻ നമ്പൂതിരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്.

29. ശ്രീ. ബി. ശ്രീകുമാരൻ നായർ, സെക്രട്ടറി & രജിസ്ട്രാർ, കേരള സ്റ്റാർട്ടപ് മിഷൻ.

30. ഡോ. എലിസബത്ത് ഷേർളി, ഡയറക്ടർ, IIITM-K & ICFOSS.

31. ശ്രീ. രാമചന്ദ്രൻ പോറ്റി, മാനേജിംഗ് ഡയറക്ടർ, വിവിഡ് കോർപ്പറേഷൻ.

32. ശ്രീമതി സീന എ. എൻ., ഡെപ്യൂട്ടി സെക്രട്ടറി, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.

33. ശ്രീ. ടി. സുരേഷ് ബാബു, ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

34. ശ്രീമതി ബി. ശ്രീകല, ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

35. ഡോ. സാംസൺ മാത്യു, മെമ്പർ സെക്രട്ടറി (ഇൻചാർജ്), കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്.

സമിതി, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XIV, XVII, XXIII, XXIV, XXXVII എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

2013-00-101-99—മന്ത്രിമാരുടെ ശമ്പളം

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

മന്ത്രിമാരുടെ ശമ്പളം, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുടങ്ങിയ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

അതിഥി സൽക്കാര ചെലവുകൾ എന്ന ഇനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശിർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2013-00-800-97—എം.പി.മാരുടെ സമ്മേളനം സംബന്ധിച്ചുള്ള ചെലവുകൾ

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

എം.പി.മാരുടെ സമ്മേളനം സംബന്ധിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2051-00-102-99—<u>പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ നടപ്പ് വർഷത്തെ ബജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചു. ജീവനക്കാർ, ദിവസ വേതനക്കാർ, കമ്മീഷൻ അംഗങ്ങൾ എന്നിവരുടെ ശമ്പളം, ക്ഷാമബത്ത, പി.എസ്.സി പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, ഓഫീസുകളിലെയും ഗസ്റ്റ് ഹൗസുകളിലെയും വെള്ളക്കരം, കരം, കെട്ടിട വാടക, പി.എസ്.സി. ബുള്ളറ്റിൻ/വജ്രജൂബിലി സ്പെഷ്യൽ പതിപ്പ് എന്നിവയുടെ പ്രസിദ്ധീകരണത്തിനുള്ള ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | |
|---|---|---|
| 01-1-ശമ്പളം | - | 10.2379 കോടി രൂപ |
| 02-വേതനം | - | 6.23 ലക്ഷം രൂപ |
| 05-1-വെള്ളക്കരം | - | 3 ലക്ഷം രൂപ |
| 06-വാടക കരം നികുതി | - | 26.43 ലക്ഷം രൂപ |
| 07-പ്രസിദ്ധീകരണങ്ങൾ | - | 65 ലക്ഷം രൂപ |

2052—<u>സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ</u>

2052-00-090-99—<u>അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്</u>

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ വേതനം, ദിവസവേതനം, സ്ഥലംമാറ്റ ബത്ത, ടെലിഫോൺ ചെലവ് എന്നീ ഇനങ്ങളിലായി നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | |
|---|---|---|
| 02 -വേതനം | - | 30 ലക്ഷം രൂപ |
| 02 -5 ദിവസവേതനം | - | 60 ലക്ഷം രൂപ |
| 04-2-സ്ഥലംമാറ്റ ബത്ത | - | 2.0 ലക്ഷം രൂപ |
| 05-3 ടെലിഫോൺ ചെലവ് | - | 10.00 ലക്ഷം രൂപ |

2052-00-090-95 —<u>നിയമവകുപ്പ്</u>

01-6 —<u>ഓവർടൈം അലവൻസ്</u>

നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണവും മറ്റ് നിയമസഭാ ജോലികളുമായി ബന്ധപ്പെട്ട് അധിക സമയ ജോലികൾ ചെയ്യുന്ന നിയമവകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആണ് നൽകിയിരിക്കുന്നത് എന്ന് വിലയിരുത്തിയ സമിതി, 01-6 ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ 39.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-090-95-05-4—<u>മറ്റിനങ്ങൾ</u>

21-2—<u>മോട്ടോർവാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

26- <u>ഔദ്യോഗിക ഭാഷ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും നിയമ വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതിയേതര ചെലവുകൾക്കായി ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും 05-4 എന്ന ശീർഷകത്തിൽ 2.99 ലക്ഷം രൂപയും 21-2 എന്ന ശീർഷകത്തിൽ 1.40 ലക്ഷം രൂപയും 26 എന്ന ശീർഷകത്തിൽ 49,000 രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-95—<u>നിയമവകുപ്പ്</u>

45—<u>പി.ഒ.എൽ.</u>

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിൽ ഇന്ധന ചെലവിനത്തിലേക്ക് നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-73—പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രാന്റ് ഇൻ എയ്ഡ്

31—സഹായധനം-ശമ്പളം

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകരിക്കപ്പെട്ട പരിപാടികൾ, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശമ്പള ഇനത്തിൽ 21.00 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 16.00 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-64—കേരള സെക്രട്ടേറിയറ്റ് ക്യാന്റീനുള്ള സഹായം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്യാന്റീൻ ജീവനക്കാർക്ക് വേതനം, ഗ്യാസ് സബ്സിഡി എന്നീ ഇനങ്ങളിലെ ചെലവ് നിർവ്വഹിക്കുവാൻ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-092-93—കേരളത്തിന്റെ പ്രത്യേക പ്രതിനിധി,ന്യൂഡൽഹി

05-3—ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും, ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 4.77 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയതായി കമ്മീഷണർമാർ നിയമിതരായതിനാൽ ഇന്ധനചെലവ്, സ്റ്റാന്റിംഗ് കൗൺസിലിന് നൽകാനുള്ള കുടിശ്ശിക തുക, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണി, കമ്മീഷന്റെ ദൈനംദിന ചെലവുകൾ, കരാർ ജീവനക്കാരുടെ വേതനം, യാത്രാബത്ത, മോട്ടോർവാഹനങ്ങൾ വാങ്ങൽ എന്നീ ഇനങ്ങളിൽ ചെലവ്

ആനുപാതികമായി വർദ്ധിച്ചതായി സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2251-00-090-99—സെക്രട്ടേറിയറ്റ്

04-2—സ്ഥലംമാറ്റ ബത്ത

സെക്രട്ടേറിയറ്റിൽ സ്ഥലം മാറ്റ ബത്ത ഇനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-090-99—സെക്രട്ടേറിയറ്റ്

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

സെക്രട്ടേറിയറ്റിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തുകയും ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-090-99 —സെക്രട്ടേറിയറ്റ്

04-4— അവധിയാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവധിയാത്രാനുകൂല്യം ഇനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-090-98-നിയമവകുപ്പിന്റെ നവീകരണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിന്റെ നവീകരണത്തിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തുകയും ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-99-<u>മോണിറ്ററിംഗ് യൂണിറ്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിച്ചതും പുതിയ ശമ്പളകമ്മീഷൻ ശിപാർശകൾ നടപ്പിലാക്കിയതുമൂലമുള്ള അധിക ചെലവുകൾക്കായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 53.27 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-97-<u>സെൻട്രൽ മോണിറ്ററിംഗ് യൂണിറ്റിന്റെ ആധുനികവൽക്കരണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആക്കം കൂട്ടാൻ ഉതകുന്ന നടപടികൾ ഉൾപ്പെടുത്തിയതിനാൽ ഈ ഇനത്തിൽ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-95 —<u>ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്</u>

34—<u>മറ്റ് ചെലവുകൾ</u>

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാഹനത്തിന്റെ വാടകയിനത്തിനും വകുപ്പിന്റെ വെബ്സൈറ്റ് നവീകരണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 24.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-92- <u>കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ</u>

കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിലും മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിലുമുള്ള തുകയും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ

34-3— മറ്റിനം

2021-22ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 380 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-101-98—ജില്ലാ വികസന കൗൺസിലുകളും ജില്ലാ ആസൂത്രണ സമിതികളും

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതുവഴി നിയമിതരായ ജില്ലാ വികസന കമ്മീഷണർക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപ്പുവർഷത്തെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-101-69—സംസ്ഥാന പരിശീലന നയം- പരിശീലന പരിപാടി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പുതിയ പരിശീലന നയത്തിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

2014-00-102-99—ഹൈക്കോടതി

05-3—ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാധാരണ ടെലിഫോൺ ചാർജ്ജുകൾക്ക് പുറമേ BSNL-ന് പോയിന്റ് ടു പോയിന്റ് ലീസ്ഡ് ലൈൻ ചാർജസും നൽകേണ്ടതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 20

ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ ദൈനംദിന പ്രവർത്തന ചെലവുകൾക്കുപുറമേ പുതുതായി നിയമിതരാകുന്ന ജഡ്ജിമാരുടെ ചേമ്പറുകളിലേക്ക് ആവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21—മോട്ടോർ വാഹനങ്ങൾ

1- വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങുന്നതിനും ജഡ്ജിമാരുടെ ആവശ്യത്തിനായി 7 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.7344 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച ചീഫ്ജസ്റ്റിസുമാരുടെയും ജഡ്ജിമാരുടെയും പോസ്റ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ 57.12 ലക്ഷം രൂപ ആവശ്യമുണ്ടെന്നതിനാലും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണം ഈ വർഷം വർദ്ധിക്കുമെന്നതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-102-98—ഹൈക്കോർട്ട് ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-ബുക്കുകൾ ഉൾപ്പെടെ പുസ്തകങ്ങൾ വാങ്ങുന്നതിനും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യയ്ക്കുമായി നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-105-99—<u>സിവിലും സെഷൻസും കോടതികൾ</u>

01-4—<u>മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്ലെയിമുകൾക്കുള്ള തുക നൽകുന്നതിന് നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

04-1—<u>യാത്രാ ബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകുന്നതിനുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-1—<u>വെള്ളക്കരം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-2 —<u>വൈദ്യുതി ചെലവ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-3—<u>ടെലിഫോൺ ചെലവ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-കോടതി പദ്ധതിയുടെ ഭാഗമായി 122 കോടതികളിലെ ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി, 20 കോടതികളിലെ ലീസ്ഡ്ലൈൻ കണക്റ്റിവിറ്റി എന്നിവയുടെ ചെലവുകൾ വഹിക്കുന്നതിനായി നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുകയും ഈ ശീർഷകത്തിൽ 23 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളുടെ ആവശ്യങ്ങൾക്കായി വാഹനങ്ങൾ വാങ്ങുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-108-99—ക്രിമിനൽ കോടതികൾ

02-5—ദിവസവേതനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാർക്ക് വേതനം നൽകുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക നൽകുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.8628 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി കുടിശ്ശിക ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1—മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ ഔദ്യോഗിക വാഹനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ്

വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-99—ലാ ഓഫീസർമാർ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങളിലായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി മൊത്തം 2.46 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | നിലവിലെ ബഡ്ജറ്റ് വിഹിതം | | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|---|
| 05-4-മറ്റിനങ്ങൾ - | 73.5 ലക്ഷം രൂപ | - | 10 ലക്ഷം രൂപ |
| 34-3-മറ്റിനം - | 6.237 കോടി രൂപ | - | 2 കോടി രൂപ |
| 99-വിവരസാങ്കേതിക വിദ്യ- | 1 ലക്ഷം രൂപ | - | 36 ലക്ഷം രൂപ |

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ, ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ പ്രതിഫലം, ലീഗൽ അസിസ്റ്റന്റ്മാരുടെ ശമ്പളത്തിലുണ്ടാകുന്ന ആനുപാതിക വർദ്ധനവ്, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ്, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപണി എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5.04 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-97—അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ചെലവ്, യാത്രാപ്പടി തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക

അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-96—പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും കേരള ലോക് ആയുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തന ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-93—കേരള സംസ്ഥാന നിയമ സഹായ സമിതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും ഓഫീസ് ജീവനക്കാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, അവധിയാത്രാനുകൂല്യം, ഓഫീസുകളുടെ വാടക, മറ്റ് ഓഫീസ് ചെലവുകൾ, വാഹന അറ്റകുറ്റപണികൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | നിലവിലെ ബഡ്ജറ്റ് വിഹിതം | | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|---|---|
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 4 ലക്ഷം രൂപ | - | 4 ലക്ഷം രൂപ |
| 04-2-സ്ഥലംമാറ്റ ബത്ത | - | 1.53 ലക്ഷം രൂപ | - | 4.50 ലക്ഷം രൂപ |
| 04-4-അവധിയാത്രാനുകൂല്യം | - | 80,000 രൂപ | - | 4 ലക്ഷം രൂപ |
| 05-3 -ടെലിഫോൺ ചെലവ് | - | 4.7 ലക്ഷം രൂപ | - | 1 ലക്ഷം രൂപ |
| 05-4 -മറ്റിനങ്ങൾ | - | 6.3 ലക്ഷം രൂപ | - | 3 ലക്ഷം രൂപ |
| 06 -വാടക, കരം, നികുതി | - | 10 ലക്ഷം രൂപ | - | 17 ലക്ഷം രൂപ |
| 34- - മറ്റു ചെലവുകൾ | - | 2.3814 കോടി രൂപ | - | 90 ലക്ഷം രൂപ |

2014-00-114-92—സ്ഥിര ലോക് അദാലത്ത്

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

05-4—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | | | |
|---|---|---|---|---|
| 01-4 | - | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 2.50 ലക്ഷം രൂപ |
| 05-4 | - | മറ്റിനങ്ങൾ | - | 1.50 ലക്ഷം രൂപ |

2014-00-116-99—കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, കെട്ടിടങ്ങളുടെ വാടക, വാഹനങ്ങളുടെ ഇന്ധന ചെലവ് ,എൽ.റ്റി.സി. എന്നീ ആവശ്യങ്ങൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | |
|---|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 5.50 ലക്ഷം രൂപ |
| 04-4-അവധിയാത്രാനുകൂല്യം. | - | 5.60 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | - | 8.03 ലക്ഷം രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ | - | 4.01 ലക്ഷം രൂപ |
| 45- പി.ഒ.എൽ | - | 3.65 ലക്ഷം രൂപ |

2014-00-117-99—കുടുംബ കോടതികൾ

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ലെയിമുകൾക്കുള്ള തുക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 21.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1—<u>മോട്ടോർ വാഹനങ്ങൾ വാങ്ങൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 7 കുടുംബകോടതികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 41.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-94—<u>നിയമസഹായ നിധി അംശദാനം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഹായ നിധിയ്ക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 12 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-93-<u>സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക</u>

06—<u>വാടക, കരം, നികുതി</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിന് നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1 —<u>മോട്ടോർവാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ കോടതികളുടെ ആവശ്യത്തിനായി 12 പൂൾ വാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 71.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മനുപത്ര ഓൺലൈൻ ഡാറ്റാബേസ് ലൈസൻസ് പുതുക്കുന്നതിനും

കീഴ്കോടതികളിൽ പുസ്തകങ്ങൾ വാങ്ങുന്നതിനും മറ്റ് ആവശ്യങ്ങൾക്കും കൂടി ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-85—<u>ഇ-കോടതി നടപ്പാക്കൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 71.60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-80—<u>കേരളനിയമപരിഷ്കരണ കമ്മീഷൻ</u>

97—<u>വാഹനങ്ങളുടെ വാടക</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയത്ത് വച്ച് നടക്കുന്ന മീറ്റിംഗുകൾക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനാൽ വാടകനിരക്ക് നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XIV -സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

2058—<u>സ്റ്റേഷനറിയും അച്ചടിയും</u>

2058-00-001-99—<u>ഭരണവും നടത്തിപ്പും</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ നടപടികളുടെ ഭാഗമായി ക്ഷാമബത്ത, വീട്ടുവാടകബത്ത തുടങ്ങിയ അധിക ചെലവുകൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

01 – ശമ്പളം - 1.34 കോടി രൂപ

02 – വേതനം - 14 ലക്ഷം രൂപ

2058-00-103-99- —<u>ഗവൺമെന്റ് പ്രസ്സുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ഓവർടൈം അലവൻസ് മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനും വാടക, കരം, നികുതി, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും അച്ചടിക്ക് വേണ്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | |
|---|---|---|
| 01-6-ഓവർ ടൈം അലവൻസ് | - | 7 കോടി രൂപ |
| 05-4-മറ്റിനങ്ങൾ | - | 1.15 കോടി രൂപ |
| 06-വാടക, കരം, നികുതി | - | 45 ലക്ഷം രൂപ |
| 18-സംരക്ഷണം | - | 21 ലക്ഷം രൂപ |
| 19-യന്ത്രോപകരണങ്ങൾ | - | 50,000 രൂപ |
| 24-സാധനസാമഗ്രികൾ | - | 2.25 കോടി രൂപ |
| 34-3-മറ്റു ചെലവുകൾ-മറ്റിനം | - | 61.54 ലക്ഷം രൂപ |

2058-00-103-98-12—<u>ഗവൺമെന്റ്പ്രസ്സുകൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പുതുതായി അപ്രന്റീസുകളെ നിയമിച്ചതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-003-99—<u>ഐ.എ.എസ്.പ്രൊബേഷൻകാരുടെ പരിശീലനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിലെ ഐ.എ.എസ്. ഓഫീസർമാരുടെ പരിശീലനവുമായി ബന്ധപ്പെട്ട് ഐ.എം.ജി., എൽ.ബി.എസ്., എൻ.എ.എ. എന്നിവയ്ക്ക് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-003-97- —ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

31—സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ശമ്പളവും ഇ.പി.എഫ്, ഗ്രാറ്റുവിറ്റി, ചികിത്സാ ചെലവ് തുടങ്ങിയ മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 12.4248 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-003-97—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

35- —മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം-ശമ്പളേതരം

ഐ.എം.ജി.-യുടെ തിരുവനന്തപുരത്തും കൊച്ചിയിലും, കോഴിക്കോടും ഉള്ള മേഖലാ കേന്ദ്രങ്ങളിലെ ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തുക, ക്ലാസ് റൂം സൗകര്യം മെച്ചപ്പെടുത്തുക, പരിശീലന ഉപകരണങ്ങൾ മെച്ചപ്പെടുത്തുകയും പുതിയത് വാങ്ങുകയും ചെയ്യുക, പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ സർക്കാർ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനവും ഓറിയന്റേഷൻ പരിശീലനവും കൂടാതെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കായുള്ള പരിശീലന പരിപാടികളും നടപ്പിലാക്കാൻ പശ്ചാത്തല സൗകര്യം ഒരുക്കുക എന്നീ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-106-99—സിവിൽ ഡിഫൻസ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സിവിൽ ഡിഫൻസ് വോളന്റിയർമാരെ റിക്രൂട്ട് ചെയ്യുന്നതിനും പരിശീലനം നൽകുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-107-99—ഹോംഗാർഡ്സ്

02-5—ദിവസവേതനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസിനെയും അഗ്നിശമന സേനയേയും സഹായിക്കുന്നതിനായി നിലവിലുള്ള ഹോം ഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഹോംഗാർഡുമാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിൽ വകയിരുത്തിയ തുക കൊണ്ട് അടുത്ത സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 8.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-108-99—അഗ്നിപ്രതിരോധവും നിയന്ത്രണവും-ഭരണവും നടത്തിപ്പും

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളം, യാത്രാപ്പടി, മറ്റ് ഓഫീസ് ചെലവുകൾ, യൂണിഫോം, ബയോമെടിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കൽ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.03 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

(01)—ജില്ലാ ജീവനക്കാർ

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ നിലവിലെ കുടിശ്ശികകൾ, വെള്ളക്കരം, ടെലിഫോൺ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-108-97—പരിശീലനം

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ യാത്രാബത്ത, ഓഫീസ് ചെലവുകൾ, വെള്ളക്കരം, മോട്ടോർ വാഹനങ്ങൾ, ചെറുകിട മരാമത്തുപണികൾ, മറ്റിനങ്ങൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശീർഷകത്തിൽ 1.085 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-119-98-(02)—ഔദ്യോഗിക ഭാഷാ കമ്മീഷൻ - വേതനം

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പേ റിവിഷൻ സംബന്ധിച്ച ശമ്പള വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ ബജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.92 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

(04)— യാത്രാ ചെലവുകൾ

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ഉദ്യോഗസ്ഥർക്ക് എൽ.ടി.സി. ഇനത്തിലും യാത്രാച്ചെലവിനും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 99,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

(05)—ഓഫീസ് ചെലവുകൾ

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ, കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയവയ്ക്ക് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

(06)—വാടക, കരം, നികുതി

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാടക വർദ്ധിച്ചതിനാൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-119-97— ഭരണഭാഷ നടപ്പാക്കൽ

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകൽ, ഔദ്യോഗിക ഭാഷാ ആക്റ്റിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ, പ്രധാനപ്പെട്ട ഉത്തരവുകൾ എന്നിവയെക്കുറിച്ച് സർക്കാർ ജീവനക്കാരെ ബോധവൽക്കരിക്കൽ, ഭാഷാമാറ്റ

പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ, ശില്പശാലകൾ സംഘടിപ്പിക്കൽ, ഔദ്യോഗിക ഭാഷാ വകുപ്പിന് സ്വന്തമായി ഒരു വെബ്സൈറ്റ് രൂപീകരിക്കൽ, ഭരണഭാഷാവാരാഘോഷം, ഭാഷാ സഹായ ഗ്രന്ഥങ്ങൾ വാങ്ങി നൽകൽ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 12.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4058—സ്റ്റേഷനറിയും അച്ചടിയും ഇവയ്ക്കുള്ള മൂലധനച്ചെലവ്

4058-00-103-95 —സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ മെഷീൻ പർച്ചേസിനായി ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 7.3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4058-00-800-97—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിന് കെട്ടിടം പണിയുന്നതിന് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന XVII—വിദ്യാഭ്യാസം, കായികവിനോദം, കല,സംസ്കാരം

3425-60-200-71 -കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി പരിപാടികളും പ്രവർത്തനങ്ങളും

(01)- കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതിയ്ക്ക് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ - പ്രത്യേക പരിപാടികൾ

03-36 -സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി സമിതിസഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ നേരിട്ട് നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 9.39 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3425-60-200-71 (07)—<u>ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയ്ക്കായുള്ള കേരള സ്റ്റേറ്റ് കൗൺസിൽ</u>

31—<u>സഹായ ധനം-ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും നൽകുന്നതിനും ശാസ്ത്രജ്ഞന്മാർക്ക് ഏഴാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 18.30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3425-60-200-53—<u>ഡയബറ്റിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും

2220-01-001-97—<u>സൂക്ഷ്മപരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണവും ആധുനികവൽക്കരണവും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ന്യൂസ് പേപ്പർ കട്ടിംഗ് മാനേജ്മെന്റ് സംവിധാനത്തിന് ഉതകുന്ന സോഫ്റ്റ്‌വെയർ, പുറം കരാർ വ്യവസ്ഥയിൽ ലഭിച്ചു വരുന്ന സേവനങ്ങൾക്ക് വന്നേക്കാവുന്ന വാർഷിക വർദ്ധനവ് എന്നിവയ്ക്ക് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-01-001-95—<u>ന്യൂസ് ഗ്രിഡിന്റെ സംയോജിത വികസന പദ്ധതി</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂട്ടതലായി പുറം ജോലി വ്യവസ്ഥയിൽ മനുഷ്യവിഭവശേഷി സേവനം ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-01-105-98—<u>വീഡിയോ ഡോക്കുമെന്ററി ചിത്രങ്ങളുടെ നിർമ്മാണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിയോ വീഡിയോ അധിഷ്ഠിത നിർമ്മാണത്തിന് പുറം ജോലി കരാർ മാർഗ്ഗത്തിലൂടെയും, വിഷയ നൈപുണ്യമുള്ളവരുടെ സേവനവും കണക്കിലെടുത്ത്, ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-101-98—<u>പ്രചരണ സാമഗ്രികൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.7050 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-101-97-01—<u>പരസ്യത്തിനുള്ള ചെലവുകൾ-അച്ചടി മാധ്യമം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ, നോൺ ടെൻഡർ കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-109-99 —<u>ദൃശ്യ പ്രചരണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ ഫോട്ടോഗ്രാഫർമാരെ നിയോഗിച്ചാണ് സർക്കാർ പരിപാടികളുടെ ചിത്രങ്ങൾ എടുക്കുന്നതെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-109-98—വീഡിയോ പ്രചരണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുറംജോലി കരാർ വ്യവസ്ഥയിൽ വീഡിയോ പ്രൊഡക്ഷൻ നിർവ്വഹിക്കുന്നതിന് ഉണ്ടായേക്കാവുന്ന സർവ്വീസ് ചാർജ്ജ് വർദ്ധനവ് കണക്കിലെടുത്ത് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-97- പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 17.56 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം-1993

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും, പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.4170 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-89—പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമ പദ്ധതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ച പ്രമുഖ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും പെൻഷനും കുടിശ്ശികയും നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 21.92 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം 1999

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്ന പത്രപ്രവർത്തകേതര ജീവനക്കാരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.3960 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-78—സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സെർവറിന്റെ മെയിന്റനൻസും

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സോഷ്യൽ മീഡിയ സെൽ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നിലവിലെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താനും പുറംജോലി സേവനം ആവശ്യമായി വരുന്നതിനാൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-77—സുതാര്യകേരളം-ദൂരദർശനിലും ആകാശവാണിയിലും ഉള്ള ഫോൺ-ഇൻ-പ്രോഗ്രാം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ പ്രതിവാര ടെലിവിഷൻ പരിപാടി കൂടുതൽ ജനകീയമാക്കുന്നതിലെ പ്രക്ഷേപണ ചെലവ് കണക്കിലെടുത്ത് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4220-60-101-63—ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണവും മീഡിയ സെന്ററുകളുടെ നിർമ്മാണവും

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടാഗോർ തിയേറ്റർ വളപ്പിൽ നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാന ഇൻഫർമേഷൻ ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന XXXVII —വ്യവസായങ്ങൾ

4859-02-004-96—<u>സൈബർ പാർക്ക്</u>

01—<u>സംസ്ഥാന സഹായം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൈബർ പാർക്ക് ക്യാമ്പസിനകത്ത് കൂടിയുള്ള റോഡ് നിർമ്മാണത്തിനായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-95—<u>വിവരസാങ്കേതിക വിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെക്നോപാർക്കിന്റെ ഘട്ടം-I-ൽ റോഡ് ബലപ്പെടുത്തുന്നതിനുവേണ്ടിയും ഘട്ടം-II-ൽ കോംപൗണ്ട് വാൾ, റെയിൻവാട്ടർ ഹാർവെസ്റ്റിംഗ്, എസ്.റ്റി.പി എന്നിവയ്ക്കുവേണ്ടിയും ഘട്ടം-III-ൽ റോഡിനും തോടുവഴി തിരിച്ചുവിടലിനും വേണ്ടിയും ഘട്ടം-IV ആയ ടെക്നോസിറ്റിയിലെ ഇന്റേണൽ ആർട്ടീരിയൽ റോഡിനുവേണ്ടിയും ഘട്ടം-V ആയ കൊല്ലം പാർക്കിൽ പ്ലഗ് & പ്ലേ ഫെസിലിറ്റി, പവർ ഇൻഫ്രാസ്ട്രക്ച്ചർ, സോളാർ പവർ പ്ലാന്റ് എന്നിവയ്ക്കുവേണ്ടിയും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 15.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-94—<u>ഇൻഫോ പാർക്കുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ LAR കേസുകളുടെ തീർപ്പുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ടി.ബി.സി. കലൂർ, ജ്യോതിർമയ ഐ.ടി. മന്ദിരം, ഇൻഫോ പാർക്ക് തൃശ്ശൂർ, കൊരട്ടി എന്നിവയുടെ ഇന്റീരിയൽ ഫിറ്റൗട്ട് എന്നിവയ്ക്കും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 37 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.45-ന് അവസാനിച്ചു.

## 28-6-2021-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2021 ജൂൺ മാസം 28-ാം തീയതി, തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. വി. ജോയി
2. തോമസ് കെ. തോമസ്

<u>വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്ത അംഗങ്ങൾ</u>

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
3. ശ്രീ. ടി. ഐ. മധുസൂദനൻ
4. ശ്രീ. മാത്യു ടി. തോമസ്
5. ശ്രീ. ടി. പി. രാമകൃഷ്ണൻ
6. ശ്രീ. വി. ഡി. സതീശൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ. വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി. കെ. ജോസഫ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. കെ. ആർ. ജ്യോതി ലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത (ഡി) വകുപ്പ്
2. ശ്രീ. അനൂപ്. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി ലത എസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. ക്ലീറ്റസ് ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി അനിതാകുമാരി പി., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. അശോക് കുമാർ. കെ., അഡീഷണൽ സി.ഇ.ഒ., ഇലക്ഷൻ വകുപ്പ്

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
3. ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. എ. സന്തോഷ്, സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ
5. ശ്രീ. ഋഷിരാജ് സിംഗ്, ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ്, ജയിൽ വകുപ്പ്
6. ശ്രീ. മനോജ് എബ്രഹാം, എ.ഡി.ജി.പി.
7. ശ്രീ. വെങ്കിടേഷ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ

സമിതി 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള IV, XII, XIII, XVIII, XLI എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തി ശിപാർശകൾ നൽകുകയും 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ അംഗീകരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന IV—തെരഞ്ഞെടുപ്പുകൾ

2015 —തെരഞ്ഞെടുപ്പുകൾ

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർണ്ണയിക്കാൻ പര്യാപ്തമല്ലെന്നും 2020-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ കൊടുത്തുതീർക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടത്തുന്നതിലേയ്ക്കും മറ്റ് ചെലവുകൾക്കുമായി

അധികവിഹിതം ആവശ്യമാണെന്നും സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

2055—പോലീസ്

2055-00-001 -99—മേൽനോട്ടം

04 - യാത്രാ ചെലവുകൾ—1 യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലേയും റേഞ്ച് ഐ. ജി. ഓഫീസിലേയും യാത്രാബത്ത നിർവ്വഹിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 30.95 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99—ഓഫീസ് ചെലവുകൾ

05-2—വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസിലെ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ഇനത്തിൽ 12.7660 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-3 —ടെലിഫോൺ ചാർജ്ജ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ലഭ്യമാക്കിയ തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ഇനത്തിൽ 2.165 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-4 —മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും

ഈ ഇനത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 32.82 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-15—രഹസ്യ സേവന ചെലവുകൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മരാമത്തുപണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ഇനത്തിൽ 3.58 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-17—ചെറുകിട മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലെയും റേഞ്ച് ഐ.ജി. ഓഫീസിലേയും മരാമത്ത് പണികൾക്കായി ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 20.8999 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5.22 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-19—യന്ത്രോപകരണങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിന് ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ

ശീർഷകത്തിൽ 26.5125 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001-99-21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 31.79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-34-3—മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, മറ്റ് ആകസ്മിക ചെലവുകൾ എന്നിവ വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 5.7515 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തേയും സോണൽ ഓഫീസുകളിലെയും റേഞ്ച് ഐ.ജി. ഓഫീസുകളിലെയും ഇന്ധന ചെലവിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.6370 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003 -99 —പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള മറ്റു ചെലവുകൾ നിർവ്വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 22.07 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003 -99- 17—<u>ചെറുകിട മരാമത്തുപണികൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് പരിശീലന സ്കൂളിലെ മരാമത്തുപണികൾ നിർവ്വഹിക്കുന്നതിനായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 41.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98— <u>കേരള പോലീസ് അക്കാഡമി</u>

05-4—<u>ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതും, ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകളുമെല്ലാം മേൽ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. ഇതിനായി വകയിരുത്തിയിരിക്കുന്ന തുക പരിമിതമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98-17—<u>ചെറുകിട മരാമത്തുപണികൾ (കേരള പോലീസ് അക്കാഡമി)</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് അക്കാഡമിയിലെ മരാമത്ത് പണികൾ നടത്തുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 43.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98-34— <u>മറ്റു ചെലവുകൾ-3-മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.2208 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-101-99— <u>കുറ്റാന്വേഷണ വിഭാഗം</u>

18—<u>സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി

അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 68 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-101-98—<u>സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.</u>

04—<u>യാത്രാ ചെലവുകൾ - 1 യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.84 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

18— <u>സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 20.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-99—<u>സായുധ പോലീസ്</u>

04 —<u>യാത്രാ ചെലവുകൾ - 1 യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇലക്ഷൻ, ശബരിമല ഡ്യൂട്ടി എന്നിവയുമായി ബന്ധപ്പെട്ട ടി.എ. ബില്ലുകൾ മാറുന്നതിനും, 9 ബറ്റാലിയൻ യൂണിറ്റുകളുടെ യാത്രാബത്ത ചെലവുകൾ എന്നിവയ്ക്കായും ഈ ശീർഷകത്തിൽ കൂടുതൽ തുക വേണ്ടി വരുമെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 11.018 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05—<u>ഓഫീസ് ചെലവുകൾ</u>

04—<u>മറ്റിനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 9 ബറ്റാലിയനുകളിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾക്കും കുടിശ്ശിക തീർപ്പാക്കുന്നതിനുമായി മേൽ ശീർഷകത്തിൽ അധികമായി തുക ആവശ്യം വരുമെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.9889 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-99 -06—<u>വാടക, കരം, നികുതി</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 52.76 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-99 -17—<u>ചെറുകിട മരാമത്ത് പണികൾ</u>

ചെറുകിട മരാമത്ത് പണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് ഉൾപ്പെടുത്തി പ്രസ്തുത ഇനത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

18—<u>സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 53.9525 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

19—<u>യന്ത്രോപകരണങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബറ്റാലിയൻ യൂണിറ്റുകളിലേക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 19-യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ഇനത്തിൽ 14.49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34—മറ്റു ചെലവുകൾ - 3 മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 9 ബറ്റാലിയൻ യൂണിറ്റുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പരിശീലനത്തിനായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ബറ്റാലിയനുകളുടെ പരിശീലനവുമായി ബന്ധപ്പെട്ട പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 1.3763 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-98—ഇൻഡ്യൻ റിസർവ് ബറ്റാലിയൻ

01-4—ശമ്പളം- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ റിസർവ് ബറ്റാലിയനിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.46 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-98—ഇൻഡ്യൻ റിസർവ് ബറ്റാലിയൻ

04— യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടി വരുന്നത് കണക്കിലെടുത്തും ശബരിമല, ഇലക്ഷൻ ഡ്യൂട്ടി സംബന്ധിച്ച കുടിശ്ശിക ബാദ്ധ്യത തീർക്കുന്നതിനും സാമ്പത്തിക വർഷാവസാനംവരെയുള്ള ചെലവുകൾക്കുമായി ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.145 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

2055-00-104-98 -05—ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ. ബറ്റാലിയനിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾക്കുമായി ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 18.08 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-98-18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ. ബറ്റാലിയനിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.295 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-98-19—യന്ത്രോപകരണങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 19.94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-98

21 - മോട്ടോർ വാഹനങ്ങൾ—2 സംരക്ഷണവും അറ്റകുറ്റപ്പണികളും

ഐ.ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും ആന്റി നക്സൽ ഓപ്പറേഷന് ഉപയോഗിക്കുന്ന വാഹനങ്ങളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 17.86 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-104-98 -45— പി.ഒ.എൽ.

വിഹിതം - 25.04 ലക്ഷം രൂപ (പദ്ധതിയേതരം)

87. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ. ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെയും ഇന്ധനചെലവ് വഹിക്കുന്നതിന്

നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 42.85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-109-99—ജില്ലാ സേന

04—യാത്രാ ചെലവുകൾ - 1 -യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ടി.എ. ഇനത്തിലുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 21.95 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 9.8525 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

17—ചെറുകിട മരാമത്തുപണികൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും ജില്ലാ പോലീസ് ഓഫീസ് കെട്ടിടങ്ങളുടെയും മരാമത്തുപണികൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 41.87 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 39.87 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

19—<u>യന്ത്രോപകരണങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 10.797 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21—<u>മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 12.4575 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തീർത്ഥാടന സമയത്തും മകരവിളക്ക് സമയത്തും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നവർക്ക് പ്രതിഫലം നൽകൽ, ഫീഡിംഗ് ചാർജ് എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 11.698 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു..

45—<u>പി.ഒ.എൽ.</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലേയും വാഹനങ്ങളുടെ ഇന്ധന ചെലവ് വഹിക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 40.1688 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-111-99—<u>റെയിൽവേ പോലീസ്</u>

04—<u>യാത്രാ ചെലവുകൾ - 1 യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ടി.എ. ഇനത്തിലുള്ള കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടി) നൽകേണ്ടതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 4.17 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-111-99 -34—<u>ഓഫീസ് ചെലവുകൾ-3 മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ Dog food, Medicine, ഓഫീസ് ആവശ്യങ്ങൾക്കുള്ള ദൈനംദിന ചെലവ് എന്നിവ നിർവ്വഹിക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 3.06 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

04—<u>യാത്രാ ചെലവുകൾ - 1 യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവയുടെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതുള്ളതിനാൽ, നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 63.45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-113-98—<u>സ്പോർട്സ് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ All India Police Meet, 2021 നടത്തുന്നതിനും സ്പോർട്സ് കിറ്റ്, കായിക താരങ്ങൾക്കുള്ള സഹായധനം, ക്യാഷ് അവാർഡുകൾ, മറ്റ് അപ്രതീക്ഷിത ചെലവുകൾ എന്നിവയ്ക്കായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 1.401 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-114-99 04—വയർലെസ് യൂണിറ്റ് - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.053 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-114-99—വയർലെസ് യൂണിറ്റ്-ഓഫീസ് ചെലവുകൾ

05-03—ടെലിഫോൺ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ഇനത്തിൽ 12.80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-114-99-18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.293 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-114-98 —കംപ്യൂട്ടർ സെന്റർ

05—ഓഫീസ് ചെലവുകൾ- 4 മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും ഓഫീസ് ചെലവുകൾക്കുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 28.29 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-114-98-18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, എസ്.സി.ആർ.ബി. യൂണിറ്റുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 68.20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-116-99—ഫോറൻസിക് സയൻസ്

18 —സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-103-99—കേരള ലോകായുക്ത, 1998

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ഓഫീസ് സ്റ്റാഫ് എന്നിവരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ മാറിനൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

02—വേതനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പി.റ്റി.എസ്., ദിവസവേതനം, കോ-ടെർമിനസ്സ് ജീവനക്കാരുടെ വേതനം എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ വിലയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

04-2—യാത്രാബത്ത-സ്ഥലംമാറ്റബത്ത

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

04-4—അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് അവധി യാത്രാനുകൂല്യം, സ്ഥലംമാറ്റബത്ത എന്നിവ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-4—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുതായി ചുമതലയേൽക്കുന്ന ഉപലോകായുക്തയുടെ വസതിയിൽ ഫർണിച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി അധിക വിഹിതം ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 4.14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1—മോട്ടോർ വാഹനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ തുക ഒന്നും വകയിരുത്താത്തതിനാൽ അധിക വിഹിതം ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും 3 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണികൾക്ക് കൂടുതൽ തുക ചെലവാകുന്നതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.03 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-104-99 —<u>വിജിലൻസ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി, താഴെപ്പറയുന്ന ശീർഷകങ്ങളിൽ 1.005 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | | | |
|---|---|---|---|---|
| 01-4 | - | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 5 ലക്ഷം രൂപ |
| 05-1 | - | വെള്ളക്കരം | - | 2 ലക്ഷം രൂപ |
| 05-4 | - | മറ്റിനങ്ങൾ | - | 10 ലക്ഷം രൂപ |
| 06 | - | വാടക, കരം, നികുതി | - | 10 ലക്ഷം രൂപ |
| 15 | - | രഹസ്യസേവന ചെലവുകൾ | - | 6 ലക്ഷം രൂപ |
| 17 | - | ചെറുകിട മരാമത്ത് പണികൾ | - | 50 ലക്ഷം രൂപ |
| 21-2 | - | മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 15 ലക്ഷം രൂപ |
| 26 | - | ഔദ്യോഗിക ഭാഷാ പ്രയോഗം | - | 50,000 രൂപ |
| 28 | - | തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | - | 2 ലക്ഷം രൂപ |

2062 -00- 105-99—<u>വിജിലൻസ് ട്രൈബ്യൂണൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമ പുസ്തകങ്ങൾ വാങ്ങുന്നതിനും ചില ഓഫീസ് ഉപകരണങ്ങൾ പുതുക്കുന്നതിനും സർക്കാരിലേക്ക് തിരിച്ചടച്ച വാടകതുക പുതുതായി നൽകുന്നതിനും മേൽ

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 7.8338 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-98—അഡീഷണൽ വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടക കരാർ നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ അധിക വിഹിതം ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.094 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-97—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർവൽക്കരണം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062 -00- 105-96—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.08 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-95—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് കെട്ടിടത്തിന്റെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.92 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-94—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ 01-2-ശമ്പളം, 04-2-യാത്രാബത്ത, ഓഫീസ് ചെലവ്, 99-ഇൻഫർമേഷൻ ടെക്നോളജി എന്നീ ഇനങ്ങളിൽ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 6.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062 -00- 105-90—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റബത്ത, വിവര സാങ്കേതികവിദ്യ, വാടക, കരം, നികുതി, മറ്റിനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 2.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062 -00- 105-89—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ച 20-2-2016 മുതലുള്ള കെട്ടിട വാടക കൊടുത്തു തീർക്കുന്നതിനായി ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

2056-00-001-98—ജയിലുകൾ നവീകരിക്കുന്നതിന്

17—ചെറുകിട മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ജയിലുകളിലെ മരാമത്തുപണികൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സ്ഥാപിക്കുന്നതിനും ഉടൻ പ്രവർത്തനം ആരംഭിക്കുന്ന തവനൂർ സെൻട്രൽ പ്രിസണിൽ ജലവിതരണ സംവിധാനം എർപ്പെടുത്തുന്നതിനും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.70 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2056-00-001-89—<u>സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ Implementation of TETRA Communication System in Central Prisons (Non-Plan) എന്ന ശീർഷകത്തിൽ ടോക്കൺ തുക മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2056-00-101-99—<u>ജയിലുകൾ</u>

05-1—<u>വെള്ളക്കരം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ ബാഹുല്യം നിമിത്തം ജയിലുകളിൽ വെള്ളത്തിന്റെ ഉപഭോഗം വളരെ കൂടുതലായതിനാൽ വെള്ളക്കരം ഇനത്തിൽ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3- <u>മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ വേതനം, ചികിത്സാ ചെലവ്, മരുന്നിന്റെ വിലയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ കണക്കിലെടുക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

45—പി.ഒ. എൽ.

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരുടെ ആശുപത്രി, കോടതി യാത്രകൾക്കും ജയിൽ വാഹനം ഉപയോഗിക്കുന്നതിനാലും ചില ജയിലുകളിൽ കാർഷിക ആവശ്യത്തിനായി ട്രാക്ടറും ജെ.സി.ബി.-യും ഉപയോഗിക്കുന്നതിനാലും ഇന്ധന ഇനത്തിൽ കൂടുതൽ ചെലവ് വരുന്നതായി വിലയിരുത്തിയ സമിതി, ഇന്ധന വിലയിലുണ്ടാകുന്ന ഗണ്യമായ വർദ്ധനവ് കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

56—ഭക്ഷണവും ധനസഹായവും

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ റേഷൻ സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടില്ലാത്തതിനാൽ ത്രിവേണി, സപ്ലൈകോ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ്, മിൽമ, ഗ്യാസ് ഏജൻസി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ക്രെഡിറ്റ് വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങേണ്ടി വരുന്നുവെന്നതും തടവുകാരുടെ ബാഹുല്യവും ആഹാരസാധനങ്ങളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവ് എന്നിവയും കണക്കാക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-101-97—ദക്ഷിണമേഖല ജയിലുദ്യോഗസ്ഥരുടെ പരിശീലന കേന്ദ്രത്തിനുള്ള വിഹിതം

10—സംഭാവന

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദക്ഷിണ മേഖലയിലെ ജയിലുദ്യോഗസ്ഥരുടെ പരിശീലനത്തിനുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

5053-02-190-97—കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഹരി നിക്ഷേപ തുക 1.95 കോടി രൂപ, മൺസൂൺ മിറ്റിഗേഷൻ വർക്കിന് 45.23 ലക്ഷം രൂപ, കേടുപാടുകൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 69.40 ലക്ഷം രൂപ, ഭൂമി അക്വയർ ചെയ്യുന്നതിന് കിൻഫ്രക്ക് 40 ലക്ഷം രൂപ, കേരള വാട്ടർ അതോറിറ്റിയും ജലവിതരണ പൈപ്പുകൾ മാറ്റിയിട്ട വകയിലുള്ള 1.15 കോടി രൂപ, തോടുകൾ വികസിപ്പിക്കുന്നതിന് കൊടുക്കേണ്ട തുക 49.59 കോടി രൂപ, കൃഷി നഷ്ടപരിഹാരമായി നൽകിയ 17.10 ലക്ഷം രൂപ, റൺവേ വികസനത്തിനായി വർദ്ധിപ്പിച്ച മൂലധനത്തിന്റെ സർക്കാർ ഓഹരി 175 കോടി രൂപ, ക്യാഷ് ലോസ്സ് നികത്തുന്നതിനായി 197.72 കോടി രൂപ തുടങ്ങിയവയ്ക്കായി ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ ആകെ 427.1179 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

5053-02-190-93—കോഴിക്കോട് എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റൺവേ, ടെർമിനൽ, കാർപാർക്കിംഗ് വിപുലീകരണം, പുനരധിവാസം എന്നിവയ്ക്കായി 500.55 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും സാമൂഹ്യ പ്രത്യാഘാത പഠനം, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് എന്നിവയ്ക്കുമായി ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശീർഷകത്തിൽ 2764.09 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയ്ക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ. കേസുകളിൽ കോടതി വിധി പ്രകാരമുള്ള അധിക തുക നൽകുന്നതിലേയ്ക്കായി ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1775/സബ്.സി.ഡി2/2020/നി.സെ.)

1. <u>പൊതുഭരണ (അക്കൗണ്ട്സ് ബജറ്റ് വിംഗ്) വകുപ്പ്</u>

   ഖണ്ഡിക നമ്പർ 1, 4, 10, 14, 15, 16

   (സർക്കാർ കത്ത് നമ്പർ ബിഡബ്ല്യു2/41/2020/പൊ.ഭ.വ തീയതി 17-6-2021)

2. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ12) വകുപ്പ്

   ഖണ്ഡിക നമ്പർ 13

   (സർക്കാർ കത്ത് നമ്പർ എ.ആർ.12-1/188/2020/ഉ.ഭ.പ.വ തീയതി 15-6-2021)

3. വിജിലൻസ് (സി) വകുപ്പ്

   ഖണ്ഡിക നമ്പർ 139 മുതൽ 151 വരെ

   (സർക്കാർ കത്ത് നമ്പർ വിജി-സി3/207/2020-വിജി. തീയതി 3-6-2021)

4. ആഭ്യന്തര (ബി) വകുപ്പ്

   ഖണ്ഡിക നമ്പർ 152 മുതൽ 158 വരെ

   (സർക്കാർ കത്ത് നമ്പർ ബി2/1/2021/ആഭ്യന്തരം തീയതി 25-5-2021)

5. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

   ഖണ്ഡിക നമ്പർ 190 മുതൽ 204 വരെ

   (സർക്കാർ കത്ത് നമ്പർ ബി2/10/2020/ബി.പി.ആർ. തീയതി 28-6-2021)

6. ഗതാഗത (ഡി) വകുപ്പ്

   ഖണ്ഡിക നമ്പർ 205

   (സർക്കാർ കത്ത് നമ്പർ ഡി2/205/2020/ഗതാ. തീയതി 28-6-2021)

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.15-ന് അവസാനിച്ചു.

## 5-7-2021-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2021 ജൂലൈ മാസം 5-ാം തീയതി തിങ്കളാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവ് ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, താഴെപ്പറയുന്ന അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. മാത്യു ടി. തോമസ്
4. ശ്രീ. ഉമ്മൻ ചാണ്ടി
5. ശ്രീ. ടി. പി. രാമകൃഷ്ണൻ
6. ശ്രീ. വി. ഡി. സതീശൻ
7. ശ്രീ. തോമസ് കെ. തോമസ്

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
2. ശ്രീ. ടി. ഐ. മധുസൂദനൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

സമിതി 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

4059-01-051-55-16—കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പുതിയ കെട്ടിടത്തിന് രണ്ടാം നില നിർമ്മാണവും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണവും-വൻകിട മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പുതിയ കെട്ടിടത്തിന് രണ്ടാം നില നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണത്തിനും ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 7,21,52,385 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4059-01-051-98-16 — നീതിന്യായനിർവ്വഹണം - വൻകിട മരാമത്ത് പണികൾ

പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ഓഫീസിന്റെ കെട്ടിടനിർമ്മാണത്തിനായി പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തണം എന്നത് സമിതിയുടെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൽ പൊതുശിപാർശയായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വീണ്ടും ശിപാർശ ചെയ്യേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVI-പെൻഷനും പലവകയും

2075-00-800-92—പലവക-മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

സമിതി യോഗം രാവിലെ 11.45-ന് അവസാനിച്ചു.

## 5-8-2021-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവ സംയുക്തമായി 'The Kerala Finance Bill, 2021', '2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ' എന്നിവ പരിഗണിക്കുന്നതിനായി 2021 ആഗസ്റ്റ് മാസം 5-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 6.25-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ ഹാജരായിരുന്ന, സമിതി അദ്ധ്യക്ഷൻമാർ/ എക്സ്-ഒഫീഷ്യോ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, മറ്റ് അംഗങ്ങൾ എന്നിവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
   (തദ്ദേശസ്വയംഭരണം,ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)
   അദ്ധ്യക്ഷൻ, സബ്ജക്ട് കമ്മിറ്റി IX;
   എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി VIII
2. ശ്രീ. കെ. രാജൻ
   (റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)
   അദ്ധ്യക്ഷൻ, സബ്ജക്ട് കമ്മിറ്റി II;
   എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി IX
3. ശ്രീ. കെ. രാധാകൃഷ്ണൻ
   (പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പ് മന്ത്രി)
   എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി II ;
   പ്രത്യേക ക്ഷണിതാവ്, സബ്ജക്ട് കമ്മിറ്റി XIV
4. ശ്രീ. വി. അബ്ദുറഹിമാൻ
   (കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി)
   എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി IX
5. ശ്രീ. പി. രാജീവ്,
   (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)
   പ്രത്യേക ക്ഷണിതാവ്, സബ്ജക്ട് കമ്മിറ്റി XIV

<u>ഹാജരായ അംഗങ്ങൾ:-</u>

<u>സബ്ജക്ട് കമ്മിറ്റി VIII</u>

1. ശ്രീ. കെ. ബാബു *(തൃപ്പൂണിത്തുറ)*
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കെ. വി. സുമേഷ്
8. ശ്രീ. ഇ. കെ. വിജയൻ.

<u>സബ്ജക്ട് കമ്മിറ്റി II</u>

1. ഡോ. എൻ. ജയരാജ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. കെ. ഡി. പ്രസേനൻ (ഓൺലൈൻ)
4. ശ്രീ. പി. ടി. എ. റഹീം
5. ശ്രീ. എം. രാജഗോപാലൻ
6. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
7. ശ്രീ. സനീഷ്കുമാർ ജോസഫ്
8. ശ്രീ. പി. വി. ശ്രീനിജിൻ.

<u>സബ്ജക്ട് കമ്മിറ്റി IX</u>

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. പി. ബാലചന്ദ്രൻ
3. ശ്രീമതി കാനത്തിൽ ജമീല
4. ശ്രീ. എ. സി. മൊയ്തീൻ
5. ശ്രീ. വി. കെ. പ്രശാന്ത്

6. ശ്രീ. റോജി എം. ജോൺ
7. ശ്രീ. പി. ഉബൈദുള്ള
8. ശ്രീ. ടി. ജെ. വിനോദ്.

സബ്ജക്ട് കമ്മിറ്റി XIV

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. ടി. ഐ. മധുസൂദനൻ
4. ശ്രീ. ടി. പി. രാമകൃഷ്ണൻ
5. ശ്രീ. തോമസ് കെ. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ലിമ ഫ്രാൻസിസ് , ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ചും, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീമതി ജയശ്രീ എസ്., ഡെപ്യൂട്ടി സെക്രട്ടറി
5. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി
6. ശ്രീമതി ഡി. ഒ. രെജി, അണ്ടർ സെക്രട്ടറി

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ:

1. ശ്രീമതി ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ഓൺലൈൻ)
2. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, നികുതി വകുപ്പ്.
3. ഡോ. എസ്. കാർത്തികേയൻ, സ്പെഷ്യൽ കമ്മീഷണർ, ചരക്കുസേവന നികുതി വകുപ്പ്.
4. ശ്രീ. സാദിഖ് എം. കെ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. മധു. കെ., അഡീഷണൽ കമ്മീഷണർ, ചരക്കുസേവന നികുതി വകുപ്പ്.
6. ശ്രീ. ജി. ഐ. മൻസൂർ, ജോയിന്റ് കമ്മീഷണർ, കേന്ദ്ര ചരക്കുസേവന നികുതി വകുപ്പ്
7. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി 'The Kerala Finance Bill, 2021, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I. The Kerala Finance Bill, 2021 പരിഗണന

The Kerala Finance Bill 2021-ലെ 1, 2, 4, 6, 9, 10 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതികൾ കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ The Kerala Finance Bill, 2021 അംഗീകരിക്കുകയും ചെയ്തു.

*Clause 1*

For sub-clause (2) the following clause shall be substituted,

namely:—

"(2) Save as otherwise provided in this Act,—

(a) Sub-sections (3) and (4) of section 8 shall be deemed to have come into force on the 1st day of August, 2021.

(b) sub- section (5) of section 8 shall be deemed to have come into force on the 1st day of June, 2021, remaining provisions of section 8 shall come into force on such date as the Government may, by notification in the official Gazette, appoint:

Provided that different dates may be appointed for different provisions of this section and any reference in any such provision to the commencement of this Act shall be construed as a reference to the coming into force of that provision.

(c) the remaining sections of this Act, shall be deemed to have come into force on the 10th day of June, 2021".

*Clause 2*

In Item (a) of sub-clause (3) of clause 2, for the words and figures, "31st August, 2021", the words and figures "30th November, 2021", shall be substituted.

*Clause 4*

(1) In item (ii) of sub-clause (2),

(a) in sub-item (b) for the words and figures "30th June, 2021" , the words and figures "30th September, 2021" shall be substituted.

(b) in sub-item (c), for the words and figures "31st July, 2021" , the words and figures "31st October, 2021" shall be substituted.

(2) In sub-clause (3),

(a) item (1), (2), (3), (4), (5) shall be renumbered as (i), (ii), (iii), (iv), (v);

(b) in sub-item (a) of item (iii) as so renumbered, for the words and figures "31st August, 2021", the words and figures "30th November, 2021" shall be substituted.

*Clause 6*

In sub-clause (3), in item (a), for the words and figures "31st August, 2021", the words and figures "30th November, 2021" shall be substituted.

*Clause 9*

In sub-clause (3), in item (a), for the words and figures "31st August, 2021" , the words and figures "30th November, 2021" shall be substituted.

*Clause 10*

In sub-clause (3), in item (a), for the words and figures "31st August, 2021", the words and figures "30th November, 2021" shall be substituted.

After clause 10, the following clause shall be inserted, namely:-

" II. Validation.— (1) Notwithstanding the lapse of the Kerala Finance Bill, 2021 (Bill No. 280 of the Fourteenth Kerala Legislative Assembly) (hereinafter referred to as the said Bill) and the cesser of force of law of the declared provisions of the said Bill, anything done or any action taken, including levy and collection of tax or duty, during the period from the 1st day of April, 2021 to the 9th day of June, 2021, by virtue of the declared provisions contained in the said Bill, under the Kerala Surcharge on Taxes Act, 1957 (11 of 1957) or under the

Kerala Court Fees and Suits Valuation Act, 1959 (10 of 1960) or under the Kerala General Sales Tax Act, 1963 (15 of 1963) or under the Kerala Building Tax Act, 1975 (7 of 1975) or under the Kerala Agricultural Income Tax Act, 1991 (15 of 1991) or under the Kerala Value Added Tax Act, 2003 (30 of 2004) or under the Kerala Finance Act, 2019 (5 of 2019) or under the Kerala Finance Act, 2020 (7 of 2020) (hereinafter referred to as the 'respective Acts'), as they stand amended by the said Bill, shall be deemed to be and to have always been, for all purposes, validly and effectively done or taken under the provisions of the respective Acts, as if the said amendments had been in force at all material times.

(2) Notwithstanding anything contained in the respective Acts during the period from 1st day of April, 2021 to the 9th day of June, 2021 during which the declared provisions contained in the said Bill was in force, anything done or any action taken by virtue of said provisions of the said Bill, shall be deemed to have been validly done or taken under the respective Acts and no action shall lie against any dealer or authority on the ground of short levy or refund of excess tax or duty and tax or duty collected, if any, by a dealer or an authority, as the case may be, shall be paid over to the Government."

The Kerala Finance Bill, 2021-ന്മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ അംഗങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

II. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ:

2021 -ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിലെ 1,2,3 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ നിർദ്ദേശിക്കുകയും ഭേദഗതികൾ കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർക്കുന്ന ഭേദഗതികളോടെ 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ അംഗീകരിക്കുകയും ചെയ്തു.

1-ാം ഖണ്ഡം

(എ) 1-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്

അതായത്:—

"1. <u>ചുരുക്കപ്പേരും പ്രാരംഭവും:</u>— (1) ഈ ആക്റ്റിന് 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്".

<u>2-ാം ഖണ്ഡം</u>

ബില്ലിലെ 2-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (xviii എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(xviii എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജകാര്യക്ഷമത പരമാവധി നല്കുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

<u>വിശദീകരണം:</u>— ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവചനത്തിൽ വരാവുന്നതാണ് ."

<u>3-ാം ഖണ്ഡം</u>

(എ) ബില്ലിലെ 3-ാം ഖണ്ഡം (1)- ാം ഉപഖണ്ഡപ്രകാരം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (18 എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“ (18 എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജ കാര്യക്ഷമത പരമാവധി നൽകുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാക്കുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:—ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവചനത്തിൽ വരാവുന്നതാണ്.”

(ബി) 3-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

അതായത്:—

“4. സാധൂകരണം.—(1) 2021 -ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (പതിനാലാം കേരള നിയമസഭയുടെ 281 -ാം നമ്പർ ബിൽ) (ഇതിനുശേഷം പ്രസ്തുത ബിൽ എന്നാണ് പരാമർശിക്കപ്പെടുക) കാലഹരണപ്പെടുകയും പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾക്ക് നിയമപ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്തിരുന്നാൽ തന്നെയും പ്രസ്തുത ബിൽ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലോ (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ അനുസരിച്ച് 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴുമോ പ്രസ്തുത ഭേദഗതികളെല്ലാം പ്രസക്തമായ എല്ലാ കാലങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്നുവെന്നപോലെ ബന്ധപ്പെട്ട ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരം സാധുവായും ഫലപ്രദമായും ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(2) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ നിലവിലുണ്ടായിരുന്ന 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ബന്ധപ്പെട്ട ആക്ടുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ബന്ധപ്പെട്ട ആക്ടുകൾ പ്രകാരം സാധുവായി ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്."

പ്രസ്തുത ബില്ലിന്മേൽ ശ്രീ. റോജി എം. ജോൺ, ശ്രീ പി. ഉബൈദുള്ള, ശ്രീ. ടി. ജെ. വിനോദ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 7.00 മണിക്ക് അവസാനിച്ചു.

## 7-9-2021-ലെ യോഗ നടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2021 സെപ്റ്റംബർ മാസം 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. മാത്യു ടി. തോമസ്
2. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
3. ശ്രീ. തോമസ് കെ. തോമസ്.

വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്ത അംഗങ്ങൾ :

1. ശ്രീ. വി. ജോയി
2. ശ്രീ. ടി.ഐ. മധുസൂദനൻ
3. ശ്രീ. വി.ഡി. സതീശൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ. വി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. അനിൽ കാന്ത്, ഡി.ജി.പി., ആഭ്യന്തര വകുപ്പ്.
2. ശ്രീ. മനോജ് എബ്രഹാം, എ.ഡി.ജി.പി., ആഭ്യന്തര വകുപ്പ്.
3. ശ്രീ. വി. ഹരിനായർ, സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീമതി ഇന്ദുകല. പി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
7. ശ്രീമതി ശോഭ ആർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീമതി റ്റിക്സി എസ്. നെൽസൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
9. ശ്രീ. സന്തോഷ് കുമാർ. എൽ.റ്റി, ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
10. ശ്രീമതി ഗീത ജെ. ആർ, സെക്രട്ടറി, ഐ.എം.ജി.

വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്ത ഉദ്യോഗസ്ഥർ

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
2. ശ്രീമതി. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
3. ശ്രീമതി. ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്.

കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയൽ, തെളിവെടുപ്പിനുള്ള ഫയൽ എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>കരട് ചട്ടങ്ങൾ</u>

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

1. The Kerala State and Subordinate Services (........Amendment) Rules, 2021. (എസ്.ഐ.യു.സി. ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ കെ.എസ്. & എസ്.എസ്.ആർ പാർട്ട്-1 ഷെഡ്യൂൾ ലിസ്റ്റ് III-ൽ ഇനം നമ്പർ 49C ആയി സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നത്)

(ഫയൽ നമ്പർ 10392/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ റൂൾസ്-1/27/2021/ഉഭപവ. തീയതി 14-6-2021)

2. The Kerala Government Servants' Application for Posts (Private Employment and Government Service) (Amendment) Rules, 2021.

(ഫയൽ നമ്പർ 13213/സബ്.സി.ഡി2/2021/നി.സെ)

(സർക്കാർ കത്ത് നം. ഉപ.സി1/17/2018-ഉ.ഭ.പ.വ തീയതി 11-8-2021)

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതിയോടെ സമിതി അംഗീകരിച്ചു.

1. The Kerala Service(........Amendment) Rules, 2020. (കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 64-ന്റെ ഭേദഗതി)

(ഫയൽ നമ്പർ 7232/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/153/2019/ധന തീയതി 31-3-2021)

ചട്ടത്തിന്റെ പേരിലെ '2020' എന്നത് '2021' എന്ന് മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

2. The Kerala Service (...........Amendment) Rules, 2020,

[കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ഭേദഗതി (എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നത്)]

(ഫയൽ നമ്പർ 12633/സബ്.സി.ഡി 2/2021/നി.സെ)

(സർക്കാർ കത്ത് നം. റൂൾസ്-ബി1/37/2020-ധന. (E 1631195) തീയതി 5-7-2021)

ചട്ടത്തിന്റെ പേരിലെ '2020' എന്നത് '2021' എന്ന് മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

3. The Kerala Public Service Commission (Consultation by Corporations and Companies) (Amendment) Rules, 2020.

(ഫയൽ നമ്പർ 7181/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ ഉപ.സി1/69/2019/ഉഭപവ. തീയതി 23-3-2021)

ചട്ടത്തിന്റെ പേരിലെ "2020" എന്നതിനു പകരം "2021" എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

II. <u>സമിതിയുടെ സാധൂകരണത്തിനുള്ള എസ്.ആർ.ഒ.-കൾ.</u>

താഴെപ്പറയുന്ന ചട്ടങ്ങൾക്ക് സമിതി സാധൂകരണം നൽകി.

1. The Kerala Service (First Amendment) Amending Rules, 2021 (എസ്.ആർ.ഒ. നം.356/2021)

(ഫയൽ നമ്പർ 3458/സബ്.സി.ഡി2/2019/നി.സെ.)

(സർക്കാർ കത്ത് നമ്പർ 18715/പെൻ-ബി4/2014-ധന., തീയതി 23-5-2021)

ചട്ടം 2-ൽ അമെന്റ്മെന്റ് റൂളിനു പകരം മെയിൻ റൂൾ ആണ് പരാമർശിച്ചിരിക്കുന്നത് എന്നതിനാൽ പ്രസ്തുത ഭാഗം ഭേദഗതി ചെയ്യണമെന്ന ഭേദഗതിയോടെ ചട്ടം സാധൂകരിച്ചു.

2. 2021-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ.നം.171/2021 കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 6179/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ ബി1/34/2021/ആഭ്യന്തരം, തീയതി 25-3-2021)

3. പന്തയം വെച്ചുകൊണ്ടുള്ള ഓൺലൈൻ റമ്മി ഗെയിമുകൾക്ക് നിരോധനം ഏർപ്പെടുത്തുന്നതിനായി SRO No. 1045/76 ഭേദഗതി ചെയ്തുകൊണ്ടുള്ള വിജ്ഞാപനം (എസ്.ആർ.ഒ. നം.234/2021 കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 6330/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ എഫ്1/6/2021/ആഭ്യന്തരം, തീയതി 30-3-2021 &27-4-2021)

4. 2020-ലെ കേരള പോലീസ് (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ.നമ്പർ 345/2020, കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 6677/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ ഇ 4/280/2017/ആഭ്യന്തരം-പാർട്ട്- I, തീയതി 8-4-2021 & 30-4-2021)

III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ

1. 24-2-2021-ലെ യോഗത്തിൽ ധനകാര്യ വകുപ്പ് സെക്രട്ടറി പങ്കെടുക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 903/സബ്.സി.ഡി.2/2021/നി.സെ.)

24-2-2021-ലെ യോഗത്തിൽ ധനകാര്യ വകുപ്പ് റിസോഴ്സ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും കോവിഡ് ബാധയെത്തുടർന്ന് മറ്റൊരാളെ ചുമതലപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ഉദ്യോഗസ്ഥർക്ക് യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നതെന്ന ധനകാര്യ (എക്സ്പെൻഡിച്ചർ) സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുകയും ഈ വിഷയത്തിൽ തുടർനടപടി ആവശ്യമില്ല എന്ന് തീരുമാനിക്കുകയും ചെയ്തു.

IV. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ സർക്കാർ വകുപ്പുകൾ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസപത്രികകളുടെയും പരിഗണന.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി അംഗീകരിച്ചു.

1. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 1254/സബ്.സി.ഡി.2/2018/നി.സെ.)

ഖണ്ഡിക നമ്പർ 12 (കാലതാമസപത്രിക സഹിതം)

(സർക്കാർ കത്ത് നം.ഡി2/60/2020-പ്ലാനിംഗ് തീയതി 27-4-2021)

2. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3276/സബ്.സി.ഡി.2/2019/നി.സെ.)

ഖണ്ഡിക നം.104 മുതൽ 113 വരെ (കാലതാമസപത്രിക സഹിതം)

(സർക്കാർ കത്ത് നം.എ 2/116/2019/ശാ.സാ.വ. തീയതി 26-4-2021)

3. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 1775/സബ്.സി.ഡി.2/2020/നി.സെ.)

ഖണ്ഡിക നം. 22, 166, 167

(സർക്കാർ കത്ത് നം.19/എ.ആർ.13(1)/2020/ഉഭപവ., തീയതി 19-7-2021)

ഖണ്ഡിക നം. 168, 169, 170

(സർക്കാർ കത്ത് നം. എഫ്2/306/2020-ആഭ്യന്തരം, തീയതി 14-7-2021)

ഖണ്ഡിക നം. 66, 69, 70

(സർക്കാർ കത്ത് നം. ഇ.എം2/148/2020-തസ്വഭവ., തീയതി 1-7-2021)

ഖണ്ഡിക നം. 52 (കാലതാമസപത്രിക സഹിതം)

(സർക്കാർ കത്ത് നം. എ.ആർ. 12-2/86/2020/ഉ.ഭ.പ.വ., തീയതി 23-7-2021)

ഖണ്ഡിക നം. 71 മുതൽ 138 വരെ

(സർക്കാർ കത്ത് നം. ഇ 4/345/2020/ആഭ്യന്തരം, തീയതി 9-8-2021)

V. വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകളുടെ പരിഗണന

വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള താഴെപ്പറയുന്ന കാലതാമസ പത്രികകൾ സമിതി അംഗീകരിച്ചു.

സാമ്പത്തിക വർഷം 2018-19

(ഫയൽ നം.85/സബ്.സി.ഡി12/2019/നി.സെ.)

1. തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്.
2. ഗതാഗത (ഡി) വകുപ്പ്.
3. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 12) വകുപ്പ്.

സാമ്പത്തിക വർഷം 2019-20

(ഫയൽ നം. 168/സബ്.സി.ഡി12/2020/നി.സെ.)

1. ആഭ്യന്തര (ഇ) വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി)
2. ആഭ്യന്തര (ഇ) വകുപ്പ് (പോലീസ്)
3. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 12) വകുപ്പ്.

4. പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്.

5. ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ് (ടെക്നോപാർക്ക്)

VI. താഴെപ്പറയുന്ന വിഷയം സംബന്ധിച്ച തെളിവെടുപ്പ്

2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ആക്റ്റ്-കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ്.

(ഫയൽ നം. 1044/സബ്.സി.ഡി2/2020/നി.സെ.)

തെളിവെടുപ്പ് സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും നൽകിയ അറിയിപ്പ് കൈപ്പറ്റിയെങ്കിലും പ്രസ്തുത വിഷയം അജണ്ടയിൽ ഉൾപ്പെട്ടിട്ടുള്ള വിവരം അറിഞ്ഞില്ല എന്ന ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുകയും വിഷയം അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

യോഗം രാവിലെ 11.40-ന് അവസാനിച്ചു.

## 29-9-2021-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2021 സെപ്റ്റംബർ മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 610-ാം നമ്പർ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവ് ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. വി. ജോയി
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. ടി. പി. രാമകൃഷ്ണൻ
4. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
5. ശ്രീ. തോമസ് കെ. തോമസ്.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ :

1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
2. ശ്രീ. ടി. ഐ. മധുസൂദനൻ
3. ശ്രീ. വി. ഡി. സതീശൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജോമി കെ. ജോസഫ്., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, വിവരസാങ്കേതികവിദ്യ വകുപ്പ്.
2. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ ലാ സെക്രട്ടറി.

4. ശ്രീ. പ്രകാശ്. സി. വി., ജോയിന്റ് സെക്രട്ടറി, വിവരസാങ്കേതികവിദ്യ വകുപ്പ്.

5. ഡോ. സജി ഗോപിനാഥ്, വൈസ് ചാൻസലർ.

സമിതി, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2

(i) (എ) ഇനത്തിൽ "അക്കാദമിക് സ്റ്റാഫ് " എന്നതിനു പകരം 'അക്കാഡമിക സ്റ്റാഫ് "എന്നും "ഇൻസ്റ്റിറ്റ്യൂട്ടിന്റെ" എന്നതിനു പകരം "സർവ്വകലാശാലയുടെ" എന്നും ചേർക്കുക:—

(ii) (സി) ഇനത്തിൽ "ബോർഡ് ഓഫ് ഗവർണേഴ്സ് എന്നാൽ" എന്നീ വാക്കുകൾക്ക് ശേഷം " 18 -ാം വകുപ്പിൻ കീഴിൽ രൂപവൽക്കരിച്ച " എന്നീ വാക്കുകൾ ചേർക്കുക.

(iii) (ഡി) ഇനത്തിൽ "കാമ്പസ്" എന്നതിനു പകരം 'ക്യാംപസ്" എന്നും "ഇൻസ്റ്റിറ്റ്യൂട്ടിനാൽ" എന്നതിനു പകരം "സർവ്വകലാശാലയാൽ" എന്നും ചേർക്കുക.

(iv) നിലവിലുള്ള (കെ) ഇനം ഒഴിവാക്കുകയും (എൽ) മുതൽ (ആർ) വരെയുള്ള ഇനങ്ങൾ (കെ) മുതൽ (ക്യൂ) വരെയുള്ള ഇനങ്ങളായി പുനരക്കം ചെയ്യേണ്ടതുമാണ്.

(v) അപ്രകാരം പുനരക്കം ചെയ്ത (ക്യൂ) ഇനത്തിനു ശേഷം (ആർ) ഇനമായി താഴെപ്പറയുന്ന ഇനം ചേർക്കുക:—

"(ആർ) "സ്കൂൾ" എന്നാൽ സർവ്വകലാശാല സ്ഥാപിച്ച പഠന സ്കൂൾ എന്നർത്ഥമാകുന്നു, "

(vi) (എക്സ്) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:—

(എക്സ്) "അദ്ധ്യാപകർ" എന്നാൽ സർവ്വകലാശാലയിൽ അദ്ധ്യാപനം നടത്തുന്നതിനോ ഗവേഷണം നടത്തുന്നതിനോ വേണ്ടി നിയമിക്കപ്പെട്ടതും സ്റ്റാറ്റ്യൂട്ടുകളാൽ അദ്ധ്യാപകരായി നിയോഗിച്ചിട്ടുള്ളതുമായ പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ, അതുപോലെയുള്ള മറ്റു ആളുകൾ എന്നർത്ഥമാകുന്നു; "

ഖണ്ഡം 3

(i) (1)-ാം ഉപഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (2)-ാം ഉപഖണ്ഡമായി ചേർക്കേണ്ടതും നിലവിലുള്ള (2) മുതൽ (5) വരെയുള്ള ഉപഖണ്ഡങ്ങൾ (3) മുതൽ (6) വരെയുള്ള ഉപഖണ്ഡങ്ങളായി പുനരക്കം ചെയ്യേണ്ടതുമാണ്.

"(2) സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരം ജില്ലയിൽ ആയിരിക്കുന്നതാണ്.".

(ii) അപ്രകാരം പുനരക്കം ചെയ്യപ്പെടുന്ന (5)-ാം ഉപഖണ്ഡത്തിൽ "സത്യം ബോധ്യപ്പെടുത്തേണ്ടതും" എന്നീ വാക്കുകൾക്കു പകരം "സത്യബോധപ്പെടുത്തേണ്ടതും" എന്ന വാക്കും " എല്ലാ പ്രേസ്സുകളും " എന്നീ വാക്കുകൾക്കു പകരം "എല്ലാ പ്രോസസ്സുകളും" എന്നീ വാക്കുകളും ചേർക്കുക.

ഖണ്ഡം 4

(i) (എ) ഇനത്തിൽ "പ്രയോഗരംഗങ്ങളിലും" എന്ന വാക്കിനു പകരം " മൾട്ടി ഡിസിപ്ലിനറി ആപ്ലിക്കേഷനുകളിലും" എന്നീ വാക്കുകൾ ചേർക്കുക.

(ii) (ബി) ഇനത്തിൽ "വിദ്യാഭ്യാസ പരിപാടികൾ" എന്നീ വാക്കുകൾക്കു പകരം "വിദ്യാഭ്യാസ ഗവേഷണ പരിപാടികൾ" എന്നീ വാക്കുകൾ ചേർക്കുക.

(iii) (ഇ) ഇനത്തിൽ "അത്യാധുനിക ഉൽപ്പന്നങ്ങളും" എന്നീ വാക്കുകൾക്കു പകരം "അത്യന്താധുനികമായ ഉൽപ്പന്നങ്ങളും നൂതനവിദ്യകളും" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 5

(i) (എ) ഇനത്തിൽ "അദ്ധ്യാപനം നൽകുക," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "വിവിധ പഠന സ്കൂളുകൾ സ്ഥാപിക്കുക" എന്നീ വാക്കുകൾ ചേർക്കുക.

(ii) (ഡി) ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം (ഇ) ഇനമായി ചേർക്കേണ്ടതും നിലവിലുള്ള (ഇ) മുതൽ (ഇസഡ്-ഐ) വരെയുള്ള ഇനങ്ങൾ (എഫ്) മുതൽ (ഇസഡ് -ജെ) വരെയുള്ള ഇനങ്ങളായി പുനരക്ഷരം ചെയ്യേണ്ടതുമാണ്.

"(ഇ) സർക്കാരിന്റെ അനുമതിയോടെ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലും ഗവേഷണ വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക;"—

(iii) പുനരക്ഷരം ചെയ്യപ്പെടുന്ന (ഐ) ഇനത്തിൽ "റെഗുലേറ്ററി ബോഡികളുടെ" എന്നീ വാക്കുകൾക്കു പകരം "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ മുതലായ റെഗുലേറ്ററി ബോഡികളുടെ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്. കൂടാതെ “ (ജി)” എന്നതിനു പകരം “ (എച്ച്)” എന്നത് ചേർക്കുക.

(iv) പുനരക്ഷരം ചെയ്യപ്പെടുന്ന (എൻ) ഇനത്തിൽ "സാങ്കേതിക വിദ്യകളിലും മാനവിക വിഷയങ്ങളിലും" എന്നീ വാക്കുകൾക്കു പകരം "സാങ്കേതികവിദ്യ, ഇന്റർഡിസിപ്ലിനറി ഇന്നൊവേഷൻ, സംരംഭകത്വം, ലിബറൽ ആർട്സ്, മാനവിക വിഷയങ്ങൾ എന്നിവയിൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(v) പുനരക്ഷരം ചെയ്യപ്പെടുന്ന (ഒ) ഇനത്തിൽ "ബൗദ്ധിക സ്വത്ത് ഉണ്ടാക്കുകയും ധനസമ്പാദനം നടത്തുകയും" എന്നീ വാക്കുകൾക്കു പകരം "ബൗദ്ധിക സ്വത്ത് സൃഷ്ടിക്കുകയും ധനസമാഹരണം നടത്തുകയും " എന്നീ വാക്കുകൾ ചേർക്കുക.

(vi) പുനരക്ഷരം ചെയ്യപ്പെടുന്ന (ഇസഡ്-ഇ) ഇനത്തിൽ "ആളുകളിൽ നിന്ന് സഹായങ്ങളും സംഭാവനകളും ഉപഹാരങ്ങളും" എന്നീ വാക്കുകൾക്ക് പകരം "ആളുകളിൽ നിന്നും കമ്പനികൾ, സർക്കാർ-സർക്കാരേതര സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, സർക്കാരേതര സംഘടനകൾ എന്നിവയിൽ നിന്നും സഹായങ്ങളും സംഭാവനകളും ദാനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

(vii) പുനരക്ഷരം ചെയ്യപ്പെടുന്ന (ഇസഡ്-എഫ്) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനവും ക്ലിപ്തനിബന്ധനയും ചേർക്കുക.

" (ഇസഡ്-എഫ്) സർവ്വകലാശാലയ്ക്കുവേണ്ടി, ട്രസ്റ്റും എൻഡോവ്മെന്റുകളുമായ വസ്തുക്കൾ ഉൾപ്പെടെയുള്ള സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും കൈകാര്യം ചെയ്യുകയും കൈയൊഴിയുകയും ചെയ്യുക:

എന്നാൽ സർക്കാരിന്റെ സഹായത്തോടെ സ്ഥലം ആർജ്ജിക്കുകയോ കെട്ടിടം പണിയുകയോ ചെയ്ത അപ്രകാരമുള്ള സ്ഥാവര-ജംഗമ വസ്തുക്കൾ കൈവശം വയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും കൈയൊഴിയുകയും ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമുള്ളതാകുന്നു." .

(viii) പുനരക്ഷരം ചെയ്യപ്പെടുന്ന (ഇസഡ്-എച്ച്) ഇനത്തിൽ "അനിവാര്യമായ പരിപാടികൾ തുടങ്ങി വയ്ക്കുക " എന്നീ വാക്കുകൾക്കു പകരം "യുക്തമായ പരിപാടികൾ ആരംഭിക്കുക" എന്നീ വാക്കുകൾ ചേർക്കുക.

<u>ഖണ്ഡം 6</u>

i) (1)-ാം ഉപഖണ്ഡത്തിൽ "എന്തെങ്കിലും പരിശോധന നടത്തുന്നതോ നിർബന്ധിക്കുന്നതോ നിയമപരമല്ലാത്തതുമാകുന്നു" എന്നീ വാക്കുകൾക്ക് പകരം "പരിശോധന നടത്തുവാനോ നിർബന്ധിക്കുവാനോ പാടില്ലാത്തതാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

ii) (3)-ാം ഉപഖണ്ഡത്തിൽ "പ്രത്യേകിച്ചും പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും പെടുന്നവർക്കും" എന്ന വാക്കുകൾക്ക് പകരം "പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും പെടുന്നവർക്കോ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ഖണ്ഡം 7

(2)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

“ (2) സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായേക്കാവുന്ന എല്ലാ അടിസ്ഥാനസൗകര്യങ്ങളും സ്പോൺസറിംഗ് എന്റിറ്റി ചെയ്തുകൊടുക്കേണ്ടതാണ്.”.

ഖണ്ഡം 11

(i) (1)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) വൈസ്-ചാൻസലർ, സാങ്കേതിക വിദ്യ അല്ലെങ്കിൽ സയൻസ് അല്ലെങ്കിൽ എഞ്ചിനീയറിംഗ് അല്ലെങ്കിൽ മാനേജ്മെന്റ് രംഗത്തെ ഒരു പണ്ഡിത ശ്രേഷ്ഠനും ഒരു ഉന്നത പഠന സ്ഥാപനത്തിൽ ഭരണപരിചയവും ഉള്ള ആളായിരിക്കേണ്ടതാണ്. കൂടാതെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ എന്ന നിലയിൽ ചുരുങ്ങിയത് പത്ത് വർഷത്തെ പ്രവർത്തന പരിചയമോ അല്ലെങ്കിൽ പ്രശസ്തമായ ഒരു റിസർച്ച് അല്ലെങ്കിൽ അക്കാഡമിക് അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ഓർഗനൈസേഷനിൽ തത്തുല്യമായ വിധത്തിൽ പ്രവർത്തന പരിചയമോ ഉള്ള ആളുമായിരിക്കേണ്ടതാണ്.".

ii) (3)-ാം ഉപഖണ്ഡത്തിൽ, (എ) മുതൽ (ഇ) വരെയുള്ള ഇനങ്ങൾക്ക് പകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക.

"(എ) സംസ്ഥാന ചീഫ് സെക്രട്ടറി, അദ്ദേഹം കമ്മിറ്റിയുടെ കൺവീനറായിരിക്കുന്നതാണ് ;

(ബി) ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വ്യവസായ രംഗത്തു നിന്നുള്ള ഒരു വിദഗ്ധ അംഗം;

(സി) ബോർഡ് ഓഫ് ഗവർണേഴ്സ് സെലക്ട് ചെയ്യുന്ന പഠന ഗവേഷണ രംഗത്ത് നിന്നുള്ള ഒരു വിദഗ്ധ അംഗം;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ; കൂടാതെ

(ഇ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.".

(iii) (3)-ാം ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (4)-ാം ഉപഖണ്ഡമായി ചേർക്കേണ്ടതും തുടർന്നുള്ള ഉപഖണ്ഡങ്ങൾ പുനരക്കം ചെയ്യേണ്ടതുമാണ്.

"(4) വൈസ്-ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്നതിന് സാധ്യതയുള്ള തീയതിയ്ക്ക് കുറഞ്ഞത് മൂന്ന് മാസം മുമ്പെങ്കിലും പാനൽ തയ്യാറാക്കുന്ന നടപടി തുടങ്ങിയിരിക്കേണ്ടതും

ചാൻസലർ നിശ്ചയിച്ച സമയപരിധിയ്ക്കുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്. എന്നിരുന്നാലും, ചാൻസലർക്ക്, അനിവാര്യമായ സാഹചര്യങ്ങളിൽ അങ്ങനെ ചെയ്യുന്നത് ആവശ്യമാണെങ്കിൽ അപ്രകാരമുള്ള സമയപരിധി ദീർഘിപ്പിക്കാവുന്നതാണ്. എന്നിരുന്നാലും, അങ്ങനെ ദീർഘിപ്പിച്ച കാലയളവ് ഉൾപ്പെടെ മൂന്നു മാസത്തിനകം പാനൽ തയ്യാറാക്കുന്ന നടപടി പൂർത്തിയാക്കേണ്ടതാണ്. വ്യവസ്ഥ ചെയ്ത പ്രകാരം ഏകകണ്ഠമായ ശിപാർശ ചെയ്യുവാൻ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി പരാജയപ്പെടുന്ന സംഗതിയിൽ, കമ്മിറ്റിയിലെ ഓരോ അംഗത്തിനും ഒരാളുടെ പേര് വീതം ചാൻസലർക്ക് സമർപ്പിക്കാവുന്നതാണ്. കമ്മിറ്റിയിലെ ഏതെങ്കിലും ഒരംഗം പേര് സമർപ്പിക്കാതിരിക്കുന്നത് വൈസ് -ചാൻസലറുടെ നിയമനം അസാധുവാക്കുന്നതല്ല." .

(iv) പുനരക്കം ചെയ്യപ്പെടുന്ന (7)-ാം ഉപഖണ്ഡത്തിൽ,—

(i) " അത്തരം അധികാരസ്ഥാനത്തിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം " ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ സാധൂകരണത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

(ii) ക്ലിപ്തനിബന്ധനയിൽ " ജനറൽ കൗൺസിലിൽ അപ്പീൽ നൽകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അതേത്തുടർന്ന് ജനറൽ കൗൺസിലിന് വൈസ്- ചാൻസലർ എടുത്ത നടപടി" എന്നീ വാക്കുകൾക്കു പകരം " ചാൻസലർ മുമ്പാകെ അപ്പീൽ നൽകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അതേ തുടർന്ന് ചാലസലറിന് വൈസ്- ചാൻസലർ എടുത്ത നടപടി" എന്നീ വാക്കുകൾ ചേർക്കുക.

(v) പുനരക്കം ചെയ്ത (10)-ാം ഉപഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (11)-ാം ഉപഖണ്ഡമായി ചേർക്കുക.

" (11) ഏതെങ്കിലും വിഷയം സ്റ്റാറ്റ്യൂട്ടുകളോ റെഗുലേഷനുകളോ മുഖേന ക്രമപ്പെടുത്തേണ്ട ആവശ്യമുണ്ടായിരിക്കുകയും എന്നാൽ അക്കാര്യത്തിനായി സ്റ്റാറ്റ്യൂട്ടുകളോ റെഗുലേഷനുകളോ ഉണ്ടാക്കിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, തൽസമയം ആവശ്യമാണെന്ന് വൈസ്-ചാൻസലർ കരുതുന്ന അത്തരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് വിഷയം ക്രമപ്പെടുത്തേണ്ടതും അതിനുശേഷം കഴിയുന്നത്ര വേഗം അംഗീകാരത്തിനായി അവ ബോർഡ് ഓഫ് ഗവർണേഴ്സിനോ മറ്റ് അധികാരസ്ഥാനത്തിനോ ബന്ധപ്പെട്ട നികായത്തിനോ സമർപ്പിക്കേണ്ടതുമാണ്."

ഖണ്ഡം 12

"വൈസ്-ചാൻസലർ" എന്ന വാക്കിനു പകരം "ബോർഡ് ഓഫ് ഗവർണേഴ്സ്" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 13

"രജിസ്ട്രാർ" എന്ന വാക്കിനു ശേഷം " , സ്റ്റാറ്റ്യൂട്ടുകളാൽ" എന്ന വാക്കും ചിഹ്നവും ചേർക്കുക.

ഖണ്ഡം 14

(2)-ാം ഉപഖണ്ഡത്തിൽ "പരീക്ഷാ കൺട്രോളർ" എന്ന വാക്കിനു ശേഷം "സ്റ്റാറ്റ്യൂട്ടുകളാൽ " എന്ന വാക്കും ചിഹ്നവും ചേർക്കുക.

ഖണ്ഡം 15

"കർത്തവ്യങ്ങളും" എന്ന വാക്കിനു ശേഷം "സ്റ്റാറ്റ്യൂട്ടുകളാൽ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 17

(i) (1)-ാം ഉപഖണ്ഡത്തിൽ "പതിനൊന്നിൽ അധികരിക്കാത്ത" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിയെട്ടിൽ അധികരിക്കാത്ത" എന്ന വാക്കുകൾ ചേർക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(2) ജനറൽ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ചാൻസലർ - ചെയർപേഴ്സൺ;

(ii) പ്രോ-ചാൻസലർ - വൈസ് - ചെയർപേഴ്സൺ;

(iii) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി - അംഗം;

(iv) നിയമസഭാ സാമാജികർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ - അംഗങ്ങൾ;

(v) ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ചെയർപേഴ്സൺ -അംഗം;

(vi) വൈസ്-ചാൻസലർ-അംഗം;

(vii) വൈസ്-ചാൻസലർ, എ.പി.ജെ.അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല, കേരള -എക്സ്-ഒഫിഷ്യോ അംഗം;

(viii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നുള്ള ഒരു മുതിർന്ന പ്രതിനിധി-അംഗം;

(ix) വിവരസാങ്കേതികവിദ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(x) ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(xi) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(xii) കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ-എക്സ്-ഒഫീഷ്യോ അംഗം;

(xiii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട്-എക്സ്-ഒഫിഷ്യോ അംഗം;

(xiv) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്-എക്സ്-ഒഫീഷ്യോ അംഗം;

(xv) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം-എക്സ്-ഒഫീഷ്യോ അംഗം;

(xvi) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം-എക്സ്-ഒഫീഷ്യോ അംഗം;

(xvii) ഡയറക്ടർ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി-എക്സ്-ഒഫീഷ്യോ അംഗം;

(xviii) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ-ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം-എക്സ്-ഒഫീഷ്യോ അംഗം;

(xix) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് പ്രമുഖ വ്യക്തികൾ, അവരിൽ മൂന്നു പേർ വിവര-സാങ്കേതിക വിദ്യയിലോ അനുബന്ധ മേഖലകളിലോ അല്ലെങ്കിൽ വ്യവസായരംഗത്ത് മാനേജിംഗ് ഡയറക്ടർ പദവിയിലോ അതിനു മുകളിലോ ഉള്ള പദവി വഹിക്കുന്ന അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന വ്യക്തികളും, ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോപെട്ടയാളും ഒരാൾ വനിതയും ഒരാൾ ഒരു സംരംഭകനും ആയിരിക്കേണ്ടതാണ്-അംഗങ്ങൾ;

(xx) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫാക്കൽറ്റി അംഗങ്ങൾ - അംഗങ്ങൾ;

(xxi) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വിദ്യാർത്ഥികൾ - അംഗങ്ങൾ".

ഖണ്ഡം 18

(i) (1) -ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) ബോർഡ് ഓഫ് ഗവർണേഴ്സിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ട താണ്, അതായത്:-

(i) വിവരസാങ്കേതിക വ്യവസായരംഗത്ത് ഗണ്യമായ അനുഭവ സമ്പത്തുള്ളതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ രാജ്യാന്തര മികവുള്ള ഒരു വിദഗ്ധൻ-ചെയർപേഴ്സൺ;

(ii) വൈസ്-ചാൻസലർ - വൈസ് ചെയർപേഴ്സൺ;

(iii) നിയമസഭാ സാമാജികർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം-അംഗം;

(iv) വൈസ്-ചാൻസലർ, എ.പി.ജെ.അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല, കേരള -എക്സ്-ഒഫീഷ്യോ അംഗം;

(v) വിവരസാങ്കേതികവിദ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(vi) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(vii) ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി - എക്സ്-ഒഫീഷ്യോ അംഗം ;

(viii) കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ - എക്സ്-ഒഫീഷ്യോ അംഗം;

(ix) ഭാരത സർക്കാരിന്റെ ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും മന്ത്രാലയത്തിന്റെ ഒരു പ്രതിനിധി - എക്സ്-ഒഫീഷ്യോ അംഗം;

(x) ഭാരത സർക്കാരിന്റെ ശാസ്ത്ര-സാങ്കേതിക വകുപ്പിൽ നിന്നുള്ള ഒരു പ്രതിനിധി - എക്സ്-ഒഫീഷ്യോ അംഗം;

(xi) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട് - എക്സ്-ഒഫീഷ്യോ അംഗം;

(xii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം - എക്സ്-ഒഫീഷ്യോ അംഗം;

(xiii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം - എക്സ്-ഒഫീഷ്യോ അംഗം;

(xiv) ഡയറക്ടർ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി - എക്സ്-ഒഫീഷ്യോ അംഗം;

(xv) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് - എക്സ്-ഒഫീഷ്യോ അംഗം;

(xvi) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ-ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം - എക്സ്-ഒഫീഷ്യോ അംഗം;

(xvii) വൈസ് ചാൻസലർ സമർപ്പിക്കുന്ന, വിദ്യാഭ്യാസം, ഗവേഷണം, വിവരസാങ്കേതികവിദ്യയും പ്രയോഗവും, അതിന്റെ അനുബന്ധ വിജ്ഞാനശാഖകൾ എന്നീ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള നാല് വിദഗ്ധരുടെ പാനലിൽ നിന്നും രണ്ടു പേരും, ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന പ്രസ്തുത മേഖലകളുമായി ബന്ധപ്പെട്ട രണ്ട് വിദഗ്ധരും - അംഗങ്ങൾ;

(xviii) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ രണ്ട് പ്രൊഫസർമാർ - അംഗങ്ങൾ;

(xix) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി - അംഗം"

(ii) (3)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(3) സർവ്വകലാശാലയുടെ ആദ്യ ബോർഡ് ഓഫ് ഗവർണേഴ്സിനെ സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി നിയമിക്കേണ്ടതാണ്.".

ഖണ്ഡം 19

(i) (3)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 18-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം വഴി ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗങ്ങളാകുന്നവർ, ഔദ്യോഗിക സ്ഥാനം ഒഴിയുന്ന സംഗതിയിൽ, അയാളുടെ സ്ഥാനത്തു മറ്റൊരാൾ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവരെയോ അല്ലെങ്കിൽ മൂന്ന് മാസം വരെയോ ഏതാണോ ആദ്യം അതുവരെ അയാൾ അംഗമായി തുടരേണ്ടതാണ്." .

(ii) (4)-ാം ഉപഖണ്ഡത്തിൽ "വ്യവസ്ഥ ചെയ്യാവുന്ന" എന്നീ വാക്കുകൾക്ക് പകരം "വ്യവസ്ഥ ചെയ്യുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 20

(i) (1)-ാം ഉപഖണ്ഡത്തിൽ " അവലോകനം ചെയ്യുന്നതിന്" എന്നീ വാക്കുകൾക്ക് ശേഷം "അതിന്" എന്ന വാക്ക് ചേർക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

" (ii) പഠന സ്കൂളുകൾ സ്ഥാപിക്കുകയും പഠന കോഴ്സുകൾ നിശ്ചയിക്കുകയും പ്രവേശന മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും സ്വതന്ത്രമായ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക;".

(iii) (2)-ാം ഉപഖണ്ഡത്തിന്റെ (vii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

" (vii) സർവകലാശാലയുടെ വാർഷിക റിപ്പോർട്ട്, വാർഷിക കണക്കുകൾ, അതിന് അനുയോജ്യമെന്ന് കരുതുന്ന, സർവ്വകലാശാലയുടെ വികസനരൂപരേഖയെ കുറിച്ചുള്ള പ്രസ്താവനയോടുകൂടിയ, അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് എന്നിവ പരിഗണിക്കുകയും പാസ്സാക്കുകയും; കൂടാതെ"

(iv) (3)-ാം ഉപഖണ്ഡത്തിൽ " തോന്നുന്ന" എന്ന വാക്കിനു പകരം " കരുതുന്ന" എന്ന വാക്ക് ചേർക്കുക.

(v) (4)-ാം ഉപഖണ്ഡത്തിൽ "കുറഞ്ഞത് നാല് തവണ" എന്നതിനു പകരം "കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 21

(1)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനത്തിൽ "സർവ്വകലാശാലയ്ക്കകത്ത് പഠനത്തിന്റെയും അദ്ധ്യാപനത്തിന്റെയും" എന്നീ വാക്കുകൾക്കു പകരം "സർവ്വകലാശാലയ്ക്കുള്ളിൽ ബോധനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 22

(i) (1)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനത്തിൽ "അവരിലൊരാൾ ഒരു പ്രൊഫസർ ആയിരിക്കണം" എന്നീ ചിഹ്നവും വാക്കുകളും ഒഴിവാക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (2) വൈസ്-ചാൻസലർ ഒഴികെ, ബോർഡ് ഓഫ് ഗവർണേഴ്സിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട, ഫൈനാൻസ് കമ്മിറ്റിയിലെ അംഗങ്ങൾ, അവർ ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങളായി തുടരുന്നിടത്തോളമോ അല്ലെങ്കിൽ രണ്ട് വർഷക്കാലത്തേക്കോ, ഏതാണോ ആദ്യം, അതുവരെ ഔദ്യോഗിക പദവി വഹിക്കേണ്ടതാണ്.".

ഖണ്ഡം 23

(1)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(ii) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നിയമിക്കുന്ന ശാസ്ത്രം, സാങ്കേതികവിദ്യ, മാനവിക വിഷയങ്ങൾ എന്നീ രംഗങ്ങളിൽ നിന്നുള്ള മൂന്ന് അക്കാഡമിക വിദഗ്ധർ;"

ഖണ്ഡം 24

(1)-ാം ഉപഖണ്ഡത്തിന്റെ (iv)-ാം ഇനത്തിൽ, " സാങ്കേതികവിദ്യ" എന്ന വാക്കിനു ശേഷം " ഇന്റർഡിസിപ്ലിനറി ഇന്നോവേഷൻ, ലിബറൽ ആർട്സ്" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡം 26

(i) (i)-ാം ഇനത്തിൽ "തോന്നിയേക്കാവുന്ന" എന്ന വാക്കിനുപകരം "കരുതുന്ന" എന്ന വാക്ക് ചേർക്കുക.

(ii) (vi)-ാം ഇനത്തിൽ "മറ്റ് യൂണിവേഴ്സിറ്റികളിൽ" എന്നീ വാക്കുകൾക്കു പകരം "മറ്റ് യൂണിവേഴ്സിറ്റികളിലോ ദേശീയ തലത്തിലുള്ള സ്ഥാപനങ്ങളിലോ" എന്നീ വാക്കുകൾ ചേർക്കുക.

(iii) (vii)-ാം ഇനത്തിൽ "ആരംഭിക്കലും" എന്ന വാക്കിനു പകരം "ഏർപ്പെടുത്തലും" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 30

(2)-ാം ഉപഖണ്ഡത്തിൽ "തീരുമാനിച്ചേക്കാവുന്ന പ്രകാരം" എന്നതിനു പകരം "തീരുമാനിക്കുന്ന പ്രകാരം" എന്നത് ചേർക്കുക.

ഖണ്ഡം 34

"കോ-ഓപ്റ്റ് ചെയ്യപ്പെട്ടതോ" എന്ന വാക്കുകൾ ഒഴിവാക്കുക.

ഖണ്ഡം 35

(i) മാർജിനൽ ശീർഷകത്തിലും ഖണ്ഡത്തിലും എവിടെയെല്ലാം "താൽക്കാലിക" എന്ന വാക്ക് പ്രയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം "ആകസ്മിക" എന്ന വാക്ക് ചേർക്കുക.

(ii) പ്രസ്തുത ഖണ്ഡത്തിൽ പ്രയോഗിച്ചിട്ടുള്ള "കോ-ഓപ്റ്റ് ചെയ്യുകയോ" "കോ-ഓപ്റ്റ് ചെയ്യപ്പെടുകയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഖണ്ഡം 40

(i) 40-ാം ഖണ്ഡം ഒഴിവാക്കേണ്ടതും ശേഷിക്കുന്ന ഖണ്ഡങ്ങൾ പുനഃരക്കം ചെയ്യേണ്ടതുമാണ്.

(ii) അപ്രകാരം പുനഃരക്കം ചെയ്യപ്പെടുന്ന 41-ാം ഖണ്ഡത്തിൽ "80" എന്ന അക്കങ്ങൾക്കു പകരം "113" എന്ന അക്കങ്ങൾ ചേർക്കുക.

സർവ്വശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി, വി.ഡി. സതീശൻ എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്കുശേഷം 1.30 ന് അവസാനിച്ചു.